# ബാലസുരക്ഷ സമിതി
## ( ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി )
## പ്രവർത്തന മാതൃകകൾ



KILA
Kerala Institute of Local Administration

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ– 680 581
ഫോൺ – 0487 2207000, 0487 2201062 (ഫാക്സ്)
E-mail : info@kila.ac.in, Website : www.kila.ac.in

unicef

Towards a new dawn

KILA
Kerala Institute of Local Administration

# ബാലസുരക്ഷ സമിതി
## ( ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി )
## പ്രവർത്തന മാതൃകകൾ



**പഠനസഹായി**

unicef | കേരള വനിത ശിശു വികസന വകുപ്പ് | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

# ബാലസുരക്ഷ സമിതി
## (ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി)
# പ്രവർത്തന മാതൃകകൾ
## പഠന സഹായി

# ബാലസുരക്ഷ സമിതി
# (ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി)
# പ്രവർത്തന മാതൃകകൾ
# പഠന സഹായി


| | |
|---|---|
| **ചീഫ് എഡിറ്റർ** | **Chief Editor** |
| ഡോ. ജോയ് ഇളമൺ | Dr. Joy Elamon |
| ഡയറക്ടർ ജനറൽ, കില | Director General, KILA |
| | |
| **എഡിറ്റർമാർ** | **Editors** |
| ശ്രീ. പ്രേംജിത്ത് പി | Sri. Premjith P |
| സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ | State Child Protection Consultant |
| കൺസൾട്ടന്റ്, (UNICEF-WCD) | (UNICEF-WCD) |
| ശ്രീ. കാളിദാസൻ എം ജി | Sri. M G Kalidasan |
| കൺസൾട്ടന്റ്, കില | Consultant, KILA |
| | |
| **അസോസിയേറ്റ് എഡിറ്റർമാർ** | **Associate Editors** |
| ശ്രീ. സജീവ് കെ ജി | Sri. Sajeevu K G |
| കൺസൾട്ടന്റ്, കില | Consultant, KILA |
| ശ്രീ. ദീപക്ക് എ ഡി | Sri. Deepak A D |
| ട്രെയിനിംഗ് കോർഡിനേറ്റർ, കില | Training coordinator, KILA |
| | |
| **നിർവ്വഹണ ഏകോപനം** | **Production Coordinator** |
| ശ്രീ. കൃഷ്ണൻകുട്ടി രാജൻ | Sri. Krishnankutty Rajan |
| ഡെവലപ്പ്മെന്റ് എഡിറ്റർ | Development editor |
| | |
| **പുസ്തകം തയ്യാറാക്കാൻ സഹായിച്ചവർ** | **Contributories** |
| ഡോ. എം പി ആന്റണി | Dr. M P Antoni |
| ശ്രീ. സി കെ ദിനേശൻ | Sri. C K Dinesan |
| ശ്രീമതി. ഗീതാഞ്ജലി | Smt. Geetanjali |
| ശ്രീമതി. ജാസ്മിൻ കെ | Smt. jasmin K |
| ശ്രീമതി. ജെസ്സി സേവ്യർ | Smt. Jessy Xavier |
| ശ്രീമതി. രാജലക്ഷ്മി മേനോൻ | Smt. Rajalakshmi Menon |
| ശ്രീ. വേണുഗോപാൽ ആർ | Sri. Venugopal R |
| ശ്രീ. ജോബി എ പി | Sri. Jobi A P |
| അഡ്വ. ഫെബി ലിയോ മാത്യു | Ad. Febi Leo Mathew |



Published by
**Kerala Institute of Local Administration (KILA)**
Mulamkunnathkavu, Thrissur - 680581
Phone: 0487 - 2207000 (Office)
0487 - 2201312 (Director General)
0487 - 2201062 (Fax) E-mail: info@kila.ac.in

# ഉള്ളടക്കം


| അധ്യായങ്ങൾ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | പശ്ചാത്തലം | 8 |
| 2 | വൾണറബിലിറ്റി മാപ്പിംഗ് | 15 |
| 3 | SWOT റിപ്പോർട്ട് | 23 |
| 4 | മികച്ച മാതൃകകൾ | 27 |
| 5 | കേസ് സ്റ്റഡികൾ | 54 |
| 6 | പഠന റിപ്പോർട്ട് പരിസമാപ്തി | 64 |

# സന്ദേശം

നമ്മുടെ കുട്ടികളുടെ ക്ഷേമവും സുരക്ഷിതത്വവും പ്രഥമ പരിഗണ നൽകേണ്ട വിഷയമാണ്. കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സഹായിക്കുന്നതിലും അവർ ദുരുപയോഗം ചെയ്യപ്പെടുന്നത് തടയുന്നതിലും താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ബാല സംരക്ഷണ സമിതികൾ നിർണായക പങ്ക് വഹിക്കുന്നു. ഇത്തരം സംവിധാനങ്ങൾ ജില്ല/സംസ്ഥാന സംവിധാനങ്ങൾക്ക്  പൂരകമായി പ്രവർത്തിക്കുമ്പോൾ മാത്രമേ ബാലസൗഹൃദ കേരളം സാധ്യമാകൂ.

യുണിസെഫിന്റെ പിന്തുണയോടെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലെയും (കില) വനിത-ശിശുവികസന വകുപ്പിലെയും വിദഗ്ധർ സംയുക്തമായി തയ്യാറാക്കിയ ഈ പുസ്തകം തിരഞ്ഞെടുത്ത ബാലസംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങളും അനുഭവങ്ങളും പങ്കിടുന്നതിനോപ്പം ബാലസംരക്ഷണ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ മാർഗനിർദേശങ്ങളും നൽകുന്നു.

പ്രസ്തുത ഡോക്യുമെന്റ് സൂക്ഷ്മമായി പഠിക്കാൻ എല്ലാ തദ്ദേശ സ്ഥാപന പ്രതിനിധികളോടും ബാലസംരക്ഷണ പ്രവർത്തകരോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ വിവരിച്ച വിജയകരമായ തന്ത്രങ്ങൾ നിങ്ങളുടെ സ്വന്തം വാർഡുകളിലും പഞ്ചായത്തുകളിലും പ്രയോഗിക്കുക. നിങ്ങളുടെ കമ്മിറ്റികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന മാനുവൽ ആയി ഇത് ഉപയോഗിക്കുക. മികച്ച അറിവും പ്രായോഗിക വൈദഗ്ധ്യവും ഉപയോഗിച്ച് നിങ്ങൾക്ക് കേരളത്തിലെ കുട്ടികളെ നല്ലരീതിയിൽ സ്വാധീനിക്കാനും സംരക്ഷണ സാഹചര്യങ്ങൾ ഒരുക്കുവാനും കഴിയും.

ബാല സംരക്ഷണ സമിതികളെ പരിപോഷിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നമ്മൾ ഒരുമിച്ച് തുടരണം. തങ്ങളുടെ മുഴുവൻ കഴിവുകളും നേടുന്നതിന്

സഹായകരമാകുന്ന വിധം സുരക്ഷിതവും ആരോഗ്യകരവുമായ ബാല്യകാലം കേരളത്തിലെ എല്ലാ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും നൽകാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ ഒരു പ്രാക്ടീസ് ഗൈഡ് സമാഹരിച്ചതിന് രചയിതാക്കളെയും മികച്ച പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ബാലസംരക്ഷണ സമിതികളെയും ഞാൻ അഭിനന്ദിക്കുന്നു. നമ്മുടെ കുട്ടികൾക്ക് മികച്ച രീതിയിൽ മുന്നേറാൻ കഴിയുന്ന കേരളം നമുക്ക് സാധ്യമാക്കാം.


**ഡോ ഷർമിള മേരി ജോസഫ് ഐഎഎസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

**തദ്ദേശ സ്വയംഭരണ**

**വനിത ശിശു വികസന വകുപ്പ്**

# മുഖവുര

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണം പ്രാദേശിക സർക്കാരുകൾക്ക് ഏറെ അധികാരങ്ങളും ചുമതലകളും കൈമാറിയിട്ടുണ്ടല്ലോ. പ്രാദേശിക സർക്കാറുകളുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ കേരളത്തിലെ വികസന പ്രവർത്തനങ്ങളുടെ മുഖമുദ്ര തന്നെ ആയി മാറിക്കഴിഞ്ഞിരിക്കുന്നു. ബാലസൗഹൃദ പ്രാദേശികഭരണം ഇതിന് പ്രധാനപ്പെട്ട ഉദാഹരണമാണ്. ഇന്നേറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ, സാമൂഹ്യവികസനം എന്നിവ സാധ്യമാകണമെങ്കിൽ സമാധാനവും നീതിയും ഉറപ്പാക്കപ്പെടണമെന്നത് സംശയലേശമന്യേ ബോധ്യപ്പെട്ടിട്ടുള്ളതാണ്.  കുട്ടികളുടെ അവകാശങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്ന് സുരക്ഷാവകാശമാണ്. സാമൂഹ്യസുരക്ഷ ഏറ്റവും അനിവാര്യമായ വിഭാഗങ്ങളിൽ പ്രധാനം കുട്ടികൾ തന്നെയാണെന്ന് വ്യക്തമാണ്. കുട്ടികളുടെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുകയാണ് സുരക്ഷാവകാശങ്ങൾ എന്നതുകൊണ്ട് പ്രധാനമായും അർത്ഥമാക്കുന്നത്. സുരക്ഷാവകാശങ്ങൾ  എപ്പോഴും ശ്രദ്ധിക്കുന്നതിനും തൽക്ഷണം ഇടപെടലുകൾ നടത്തുന്നതിനും ഏറ്റവും അനുയോജ്യമായ സ്ഥലം പ്രാദേശിക സർക്കാരുകളാണെന്നത് നിസ്തർക്കമാണ്. ഈ ലക്ഷ്യത്തോടെയാണ് ചൈൽഡ് പ്രൊട്ടക്ഷൻ സമിതികളുടെ ചുമതല പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുള്ളത്. ഈ ചുമതല വിജയകരമായി നിർവഹിക്കുന്നതിന് ചൈൽഡ് പ്രൊട്ടക്ഷൻ സമിതികളെ സഹായിക്കുകയാണ് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തന മാതൃകകൾ – പഠന സഹായി എന്ന ഈ കൈ പുസ്തകത്തിന്റെ ഉദ്ദേശം. ഇത് പ്രാദേശിക സർക്കാരുകൾക്കും അതോടൊപ്പം ബന്ധപെട്ട ഉദ്യോഗസ്ഥർക്കും, സന്നദ്ധ പ്രവർത്തകർക്കും ഏറെ പ്രയോജനകരമാകും എന്ന് എനിക്കുറപ്പുണ്ട്. ഈ സംരംഭം കിലയെ ഏൽപ്പിച്ച കേരള വനിതാ ശിശു വികസന

വകുപ്പിനേയും പഠനപ്രവർത്തനങ്ങളിൽ പങ്കെടുത്തവരേയും അവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ഒരുക്കിയ പ്രാദേശിക സർക്കാരുകളേയും ഞാൻ അഭിനന്ദിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ സംസ്ഥാന ചൈൽഡ് പ്രൊട്ടക്ഷൻ കൺസൾട്ടന്റ് ശ്രീ. പ്രേംജിത്ത്, കിലയിലെ കൺസൾട്ടന്റ്മാരായ ശ്രീ. എം.ജി.കാളിദാസൻ ശ്രീ. കെ.ജി.സജീവ് എന്നിവരെയും മറ്റു ടീം അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഡോ. ജോയ് ഇളമൺ,**

**ഡയറക്ടർ ജനറൽ, കില**

# ആമുഖം

കുട്ടികളുടെ അവകാശങ്ങളുടെയും ക്ഷേമത്തിന്റെയും സംരക്ഷണം ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ഐക്യരാഷ്ട്രസഭയുടെ കുട്ടികളുടെ അവകാശ ഉടമ്പടിയും, ഇന്ത്യൻ ഭരണഘടനയുമൊക്കെത്തന്നെ ഓരോ കുട്ടിക്കും അതിജീവനത്തിനും, വികസനത്തിനും, സംരക്ഷണത്തിനും പങ്കാളിത്തത്തിനുമുള്ള അവകാശം ഉറപ്പുനൽകുന്നതോടൊപ്പം ചൂഷണങ്ങളിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പു നൽകുകയും ചെയ്യുന്നു. ബാലസംരക്ഷണത്തിനായി നയങ്ങൾ, സേവനങ്ങൾ, അടിസ്ഥാന സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ചട്ടക്കൂട് ഇന്ന് ഭാരതത്തിൽ നിലവിലുണ്ട്.

ബാലവേല, കുട്ടികളെ കടത്തിക്കൊണ്ടുപോകൽ എന്നിവ മുതൽ കുട്ടികളെ ദുരുപയോഗം ചെയ്യലും അവഗണനയും വരെയുള്ള നിരവധി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഇന്ത്യയിലെ ബാലസംരക്ഷണ നയങ്ങളും നിയമങ്ങളും ശക്തമായ അടിത്തറ നൽകിയിട്ടുണ്ട്. സ്ഥാപനപരമായ പരിചരണം, സ്ഥാപനേതര പരിചരണം, കുടുംബാധിഷ്ഠിത ഇടപെടലുകൾ എന്നിവയടക്കം വിവിധ ഘടകങ്ങളിലൂടെ കുട്ടികൾക്ക് സംരക്ഷണ അന്തരീക്ഷം ഉറപ്പു വരുത്തുന്നതിനുള്ള ശ്രദ്ധേയമായ ഒരു സംവിധാനമാണ് 2009-ൽ ആരംഭിച്ച ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (ICPS). കൂടാതെ, ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുള്ള ശിക്ഷാ നടപടികളേക്കാൾ പുനരധിവാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ബാലകേന്ദ്രീകൃത സമീപനത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു.

ഇന്ത്യയിലെ പുരോഗമനത്തിൽ മുന്നിലുള്ള സംസ്ഥാനമായ കേരളം, കുട്ടികളുടെ സംരക്ഷണത്തിന് അതീവശ്രദ്ധ കൊടുക്കുന്നതരത്തിലുള്ള അധികാരവികേന്ദ്രീകരണത്തിന് മുൻകൈയെടുക്കുന്ന വിധത്തിലുള്ള സമീപനമാണ്

സ്വീകരിച്ചിരിക്കുന്നത്. 1994-ലെ കേരള പഞ്ചായത്തീരാജ് ആക്ട് വഴി പഞ്ചായത്തുകൾ എന്നറിയപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാലസംരക്ഷണം ഉൾപ്പെടെ വിവിധ മേഖലകളിൽ കാര്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകിയിട്ടുണ്ട്. ഈ വികേന്ദ്രീകരണ പ്രക്രിയ ഭരണസംവിധാനത്തെ ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുകയും താഴെത്തട്ടിൽ കൂടുതൽ അനുയോജ്യമായ ബാല സംരക്ഷണ പ്രവർത്തനങ്ങൾ സാധ്യമാക്കുകയും ചെയ്തു.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സമൂഹത്തിന്റെ സജീവമായ ഇടപെടലാണ് കേരളത്തിലെ ബാലസംരക്ഷണത്തിന്റെ ഏറ്റവും ശ്രദ്ധേയമായ വശങ്ങളിലൊന്ന്. പ്രാദേശിക സർക്കാർ തലത്തിൽ സർക്കാർ ഉത്തരവുകൾ (ജി.ഒ. (എം എസ്) നം.68/2012 /എസ്.ജെ.ഡി തിയതി.9-11-2012 ഉം, ജി.ഒ. (ആർടി) നം. 44/2012 എസ്.ജെ. ഡി തീയതി. 3.7.2017) പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള ത്രിതല (ഒന്നാംതലം - പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, രണ്ടാംതലം - ബ്ലോക്ക് പഞ്ചായത്ത്, മൂന്നാമത് ജില്ലാതലം) ബാലസംരക്ഷണ സമിതികൾ (സിപിസി) ഇതിന് ഉദാഹരണമാണ്. എല്ലാ തലത്തിലും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, പ്രാദേശിക നേതാക്കൾ, അധ്യാപകർ, കുട്ടികൾ, വിവിധ സർക്കാർ സംവിധാനങ്ങളുടെ പ്രതിനിധികൾ, കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവരടങ്ങുന്ന ഈ സിപിസികൾ, അതത് അധികാരപരിധിക്കുള്ളിൽ കുട്ടികളുടെ അവകാശങ്ങളുടെ സംരക്ഷകരായി പ്രവർത്തിക്കുന്നതിനുള്ള സുപ്രധാന സംവിധാനമാണ്. ബാലസംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വെല്ലുവിളികളും തിരിച്ചറിയുകയും, അവയിൽ ഇടപെടുകയും, ബാലസംരക്ഷണത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തുന്നതിനായുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയും ചെയ്യുന്നതിനൊപ്പം സമൂഹത്തിൽ ബാലസൗഹൃദ മനോഭാവം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും സിപിസി കളുടെ നേതൃത്വത്തിൽ നടപ്പാക്കേണ്ടതുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുക, കുട്ടികൾക്കെതിരായ അതിക്രമങ്ങൾ പൂർണ്ണമായി ഇല്ലാതാക്കുക, ഓരോ തദ്ദേശ ഭരണ

സ്ഥാപനത്തിനും കീഴിലുള്ള പ്രദേശങ്ങൾ ബാലസൗഹൃദ പ്രദേശങ്ങളായി മാറ്റുക എന്നീ ലക്ഷ്യങ്ങളുടെ പ്രധാന ചാലക ശക്തികളായി പ്രവർത്തിക്കാൻ സിപിസികൾക്ക് കഴിയും.

ബാലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്ന ഒന്നാണ് കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പരിധിയിലുള്ള പ്രദേശങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണയോടെ കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ആശങ്കകളോട് വേഗത്തിൽ പ്രതികരിക്കാനും, സമൂഹത്തിൽ സജീവമായി ഇടപഴകാനും, വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനും, കുട്ടികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനും വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ സാധിക്കുന്നു. ഓരോ പ്രദേശത്തും നടപ്പിലാക്കുന്ന ബാലസംരക്ഷണ സേവനങ്ങൾ അതത് പ്രദേശത്തിന്റെ തനതായ ആവശ്യങ്ങളോട് ചേർന്നുനിൽക്കുന്നതും ഉത്തരവാദിത്തബോധത്തോടെയുള്ളതുമാണെന്ന് ഉറപ്പാക്കുന്നതും ആത്യന്തികമായി സംസ്ഥാനത്തെ ബാല സംരക്ഷണ ശ്രമങ്ങളെ ശക്തിപ്പെടുത്തുന്നതുമാണ് ഈ സമീപനം. സംസ്ഥാനത്തെ മുഴുവൻ ബാലസംരക്ഷണ സമിതികളെയും (സിപിസി) ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനിതാ-ശിശു വികസന വകുപ്പ്, കില, യുനിസെഫ് എന്നിവയുടെ സഹകരണത്തോടെ തിരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബാലസംരക്ഷണ സമിതികളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ പഠന വിധേയമാക്കുകയും സംസ്ഥാനവ്യാപകമായി ബാലസംരക്ഷണ സമിതികൾ ശാക്തീകരിക്കുന്നത്തിന്റെ ഭാഗമായി പരിശീലകർക്കുള്ള ഒരു പഠന സഹായി എന്ന നിലയിലാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

**ഹരിത വി കുമാർ ഐഎഎസ്**

**ഡയറക്ടർ**

**വനിത ശിശു വികസന വകുപ്പ്**

# അധ്യായം 1 – പശ്ചാത്തലം

## പഠന പശ്ചാത്തലം

കുട്ടിയെ ഒരു സ്ഥാപനത്തിൽ പാർപ്പിക്കാതെ കുടുംബ ശാക്തീകരണം വഴിയും സാമൂഹ്യ പിന്തുണയോടെയും ആരോഗ്യകരമായ കുടുംബാന്തരീക്ഷം ഉറപ്പാക്കുക എന്നത് നമ്മുടെ രാജ്യം പിന്തുടരുന്ന ബാലസംരക്ഷണ നയമാണ്. ഈ ലക്ഷ്യം നേടുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായിട്ടാണ് ബാലസംരക്ഷണ സമിതികൾ രൂപീകരിക്കപ്പെട്ടത്. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ബാലസംരക്ഷണ സമിതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും സമഗ്രമായ ബാലസുരക്ഷാ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. എന്നാൽ ചില തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ബാലസംരക്ഷണ സമിതികൾ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ഈ രംഗത്തുള്ള മികച്ചതും നൂതനവുമായ പ്രവർത്തനങ്ങൾ പഠിക്കുകയും മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവ പഠിച്ച് പ്രവർത്തിക്കാൻ സാധിക്കുന്ന വിധത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് ഉപകാരപ്രദമായിരിക്കും എന്ന ബോധ്യത്തിൽ എത്തിച്ചേർന്നത്.

## പഠന ലക്ഷ്യം

1. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ നിന്നും നഗരഭരണ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.

2. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തനങ്ങളിലെ മികച്ച മാതൃകകൾ പഠന വിധേയമാക്കുകയും ഡോക്യുമെൻറ് ചെയ്യുകയും ചെയ്യുക.

## പഠന നടപടിക്രമങ്ങൾ

- യുനിസെഫിന്റെ പിന്തുണയോടെ വനിതാ-ശിശു വികസന വകുപ്പ് പഠനച്ചുമതല കിലയെ ഏൽപ്പിച്ചു. ഇതേത്തുടർന്ന് വനിതാ-ശിശു വികസന വകുപ്പിലെ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരുടെയും, നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നു എന്ന് വിലയിരുത്തപ്പെട്ടിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെയും യോഗം സംഘടിപ്പിച്ചു. ഓരോ ജില്ലയിലേയും സിപിസി പ്രവർത്തനം അവലോകനം ചെയ്യുകയും, ഇതിൽനിന്നും നല്ലനിലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പേരുകൾ ചിട്ടപ്പെടുത്തുകയും ചെയ്തു.

- ഡോക്യുമെൻറേഷൻ എക്സ്പെർട്സ് - കുട്ടികളുടെ മേഖലയിൽ പ്രവർത്തന പരിചയമുള്ള 9 പേരെ തിരഞ്ഞെടുക്കുകയും അവരെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് പഠനത്തിന് നിയോഗിക്കുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെട്ടവരെ ഉൾക്കൊള്ളിച്ചുകൊണ്ട് കിലയിൽ ഒരു ചർച്ച സംഘടിപ്പിക്കുകയും എപ്രകാരം ഡോക്യുമെൻറേഷൻ നടത്തണം എന്നതിനെക്കുറിച്ച് ധാരണയിലെത്തുകയും ചെയ്തു.

- എന്തെല്ലാം കാര്യങ്ങൾ സിപിസി യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി പര്യവേഷണ വിധേയമാക്കാം എന്നൊരു ചർച്ച പ്രാഥമികഘട്ട ചർച്ചകളിൽ ഉയർന്നു വന്നിരുന്നു. ബാലാവകാശങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ കുട്ടികൾ ഒരു സമ്പത്തായി രൂപപ്പെടും എന്നൊരാശയവും ഉയർന്നു വന്നു. പൗരന്മാർ സാമൂഹ്യമൂലധനമായി മാറുമ്പോഴാണ് സാമൂഹിക വികസനം സുസ്ഥിരമാകുന്നത്. മൗലികമായി കുട്ടികൾ തന്നെയാണ് ശ്രേഷ്ഠമായ സാമൂഹ്യമൂല്യധനമെന്നത് തർക്കമറ്റ വസ്തുതയാണ്.

- കുട്ടിയുടെ വികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ, പങ്കാളിത്തം, ക്രിയ-പ്രതിക്രിയകൾ, ബന്ധു ബന്ധങ്ങൾ, മീഡിയ തുടങ്ങിയവയുടെ പങ്ക് വളരെ വലുതാണ്. കുട്ടി നേരിടുന്നതോ വിധേയമാകുന്നതോ ആയ എല്ലാ

ദുരുപയോഗങ്ങളും കുട്ടിയുടെ വികാസത്തിൽ വലിയ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. പൊതുമാധ്യമങ്ങൾ, പ്രത്യേകിച്ച് ഇന്റർനെറ്റ് അധിഷ്ഠിത ഗെയിമുകൾ, പരസ്യങ്ങൾ, വിനോദപരിപാടികൾ തുടങ്ങിയവയുടെ അമിതോപയോഗം കുട്ടികളുടെ ഭക്ഷണ ശീലങ്ങൾ, പഠന വൈകല്യം, അച്ചടക്ക ലംഘനങ്ങൾ, ലിംഗ വിവേചന മനോഭാവങ്ങൾ, മദ്യം-മയക്കമരുന്ന് ഉപയോഗങ്ങൾ തുടങ്ങി, കുട്ടിയുടെ പുരോഗതിക്ക് തടസ്സമാകുന്ന സ്വഭാവ രീതികൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രശ്നങ്ങളിൽ കുട്ടികൾ അകപ്പെട്ടു പോകാതിരിക്കാൻ ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്. ഈ വിഷയത്തിൽ സിപിസി എത്രമാത്രം പരിശ്രമിച്ചിട്ടുണ്ടെന്ന് തിട്ടപ്പെടുത്തുന്നത് പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമാകും.

- ബാലസുരക്ഷയുടെ ഭാഗമായി ഗുഡ് പേരന്റിംഗ് , കുട്ടികളുടെ അവകാശങ്ങൾ, പഠനപ്രശ്ന പരിഹാര മാർഗങ്ങൾ, മൊബൈൽ ദുരുപയോഗ ലഘൂകരണം, സൈബർ കുറ്റങ്ങൾ, ലഹരി ദുരുപയോഗ പ്രതിരോധം തുടങ്ങിയ വിഷയങ്ങൾ അധ്യാപക-രക്ഷാകർത്തൃ യോഗങ്ങൾ, അയൽക്കൂട്ടങ്ങൾ, ഗൃഹസമ്പർക്ക പരിപാടികൾ തുടങ്ങിയവ വഴി ലഭ്യമാക്കുന്നുണ്ടോ എന്ന് അറിയേണ്ടതുണ്ട്. ബാലനീതി നിയമത്തിൽ പ്രതിപാദിക്കുന്ന, കുട്ടികൾക്ക് നേരെയുള്ള ആക്രമണങ്ങൾ, അനുചിത പെരുമാറ്റങ്ങൾ എന്നിവ തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്നും അവ പ്രതിരോധിക്കുന്നതിന് ആവശ്യമായ നിയമ സാക്ഷരതാ ക്ലാസ്സുകൾ, സൈക്കോ സോഷ്യൽ കൗൺസലിംഗ് എന്നിവ നല്കിയിട്ടുണ്ടോ എന്നുമുള്ള കാര്യങ്ങൾ പഠനത്തിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

- അപായ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി പ്രതിരോധം ചമയ്ക്കുന്നതിനുവേണ്ടിയുള്ള വൾനറബിലിറ്റി മാപ്പിങ്ങ് , ഇരകളായിത്തീർന്ന കുട്ടികളുടെ കുടുംബക്ഷേമ ഇടപെടലുകൾ, ബാലാവകാശ സംരക്ഷണ സന്ദേശഫലകങ്ങൾ തുടങ്ങിയവയും പ്രത്യേകം പഠന വിധേയമാക്കി. തദ്ദേശ

സ്ഥാപനത്തിന്റെ പരിധിയിലുള്ള കുട്ടികളുടെ ഡാറ്റാബേസും പ്രശ്ന അപഗ്രഥന മാർഗങ്ങളും പരിശോധിക്കപ്പെട്ടു.

- സിപിസി മീറ്റിങ്ങുകൾ, അവയുടെ മിനിട്ട്സ്, ഹാജർ, എടുത്ത തീരുമാനങ്ങളുടെയും പ്രവർത്തനങ്ങളുടേയും പട്ടിക എന്നിവയും പഠനവിധേയമായി. സിപിസി പ്രവർത്തനറിപ്പോർട്ടിന്റെ സമയനിഷ്ഠ, അവ പ്രസിദ്ധപ്പെടുത്തൽ എന്നിവയും പഠനത്തിൽ ഉൾപ്പെട്ടു.

- തദ്ദേശ ഭരണ സ്ഥാപനത്തിലെ ജെൻഡർ ഡെസ്ക്, ജാഗ്രതാ സമിതി, കുട്ടികൾക്ക് വേണ്ടിയുള്ള മറ്റ് സർക്കാർ – സർക്കാരിതര സംവിധാനങ്ങൾ എന്നിവയുടെ സഹകരണം മുതലായവയും പഠനത്തിൽ ഉൾപ്പെടുത്തി. സ്കൂൾ സമയത്തിന് ശേഷമുള്ള സുരക്ഷക്കും, പഠനത്തിനുമായി സ്ഥാപിക്കുന്ന പഠനവീടുകളുടെ സേവനം കുട്ടികൾക്ക് ലഭ്യമാകുന്നുണ്ടോ എന്നും പരിശോധിക്കപ്പെട്ടു.

## പഠന പ്രക്രിയ

ചർച്ചകളുടെ അടിസ്ഥാനത്തിൽ ഡോക്യുമെൻറ് എപ്രകാരം തയ്യാറാക്കണമെന്നതിനുള്ള ഒരു രൂപരേഖ തയ്യാറാക്കി നല്കി. തയ്യാറാക്കിയ ഫ്രെയിം ഓഫ് ഡോക്യുമെൻറ്, ഈ പുസ്തകത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.

- തദ്ദേശ സ്ഥാപനവുമായി ബന്ധപ്പെട്ട് പഠനം സംബന്ധിച്ച അറിയിപ്പും അവിടേക്കു നിയോഗിച്ചവരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള കത്തും കൈമാറി.

- 2023 ആരംഭത്തിൽ ഡോക്യുമെൻറേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. പഠനത്തിനായി നിയോഗിക്കപ്പെട്ട ഓരോ അംഗവും അവരുടെ തദ്ദേശ സ്ഥാപനം സന്ദർശിച്ച് പ്രവർത്തനോദ്ദേശം ബോധ്യപ്പെടുത്തി. തുടർന്ന് സ്ഥാപനത്തിന്റെ അനുമതിയോടുകൂടി ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി സംബന്ധിച്ച രേഖകൾ പരിശോധിച്ചു. ഒരു സിപിസി മീറ്റിങ്ങെങ്കിലും നടത്തുകയും അവ നിരീക്ഷിക്കുകയും ചെയ്തു. ചർച്ചകളെത്തുടർന്ന് അംഗങ്ങൾ ജനസമ്പർക്ക പരിപാടികളിലേർപ്പെടാനാരംഭിച്ചു.

• സമിതിയുടെ പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തപ്പെട്ട സംഭവങ്ങൾ കുറവായിരുന്നു. അതുകൊണ്ടുതന്നെ സിപിസി യുടെ പ്രവർത്തനങ്ങളുടെ പ്രസക്തി തിട്ടപ്പെടുത്തുന്നതിന് കർത്തവ്യവാഹകരുമായി ചർച്ചകൾ സംഘടിപ്പിച്ചു.

## ടൂൾ ബേസ്ഡ് ലേണിങ്

ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും സഹചര്യങ്ങളും പ്രശ്നങ്ങളും അനുസരിച്ചുള്ള സാങ്കേതങ്ങളാണ് ഉപയോഗിക്കപ്പെട്ടത്.

• SWOT അനാലിസിസ് – കമ്മിറ്റികളുടെ പ്രവർത്തനങ്ങളുടെ ആവശ്യകതയും അത് സംബന്ധിച്ച ധാരണകളും സാധ്യതകളും തിട്ടപ്പെടുത്തുന്നതിന് സിപിസി മീറ്റിങ്ങിൽത്തന്നെയും ചില stakeholder മീറ്റിങ്ങുകളിലും ഈ രീതി ഉപയോഗിച്ച് വിലയിരുത്തൽ നടത്തി.

• പ്രോബ്ലം ട്രീ അനാലിസിസ് – കുട്ടികളുടെ പ്രശ്നങ്ങൾ ബോധ്യപ്പെടുത്തുന്നതിനായി പ്രോബ്ലം ട്രീ ചിത്രീകരണം നടത്തുകയും പ്രശ്നങ്ങൾ സംബന്ധിച്ച് ധാരണയിലെത്തുകയും ചെയ്തു.

• ഡാറ്റാ അനാലിസിസ് – കുട്ടികളുടെ അവസ്ഥാപഠനരേഖ പരിശോധിക്കുകയും നിലനില്ക്കുന്ന പ്രശ്നങ്ങൾ കണ്ടെത്താനും ബോധ്യപ്പെടുത്താനുമുള്ള ശ്രമം നടത്തുകയും ചെയ്തു.

## കേസ് സ്റ്റഡി

സിപിസികൾ നടത്തിയ കാര്യക്ഷമമായ ഇടപെടലുകളുടെ സോഷ്യൽ കേസ് സ്റ്റഡി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നല്കി. നിശ്ചിത ഫോർമാറ്റ് നൽകാതെ സ്വതന്ത്രമായ റിപ്പോർട്ടിംഗ് ആണ് നിർദ്ദേശിച്ചത്. കുട്ടികളുടെ സംരക്ഷണാവകാശത്തെ ബാധിക്കുന്ന തരത്തിൽ പ്രാദേശികമായുണ്ടായ സംഭവം കേസ് ആയി കണക്കാക്കി പ്രശ്ന പരിഹാരത്തിനായി സ്വീകരിച്ച നിയമാനുസൃത ഇടപെടലിന്റെ വിശദാംശങ്ങളാണ് ഡോക്യുമെൻറ് ചെയ്തിട്ടുള്ളത്. പരിശീലന വേളയിൽ

പ്രശ്നപരിഹാര ഇടപെടലിനെ വിമർശനാത്മകമായി വിലയിരുത്താൻ പരിശീലനാർഥികൾക്ക് ഇതുവഴി സാധിക്കും.

## ബെസ്റ്റ് പ്രാക്ടീസ്

ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനം നടത്തിയ എല്ലാ മാതൃകാപരമായ ഇടപെടലുകളും വിശദമായി പ്രതിപാദിക്കുന്നു. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ രൂപീകരണം, പ്രവർത്തന ശൈലി, നേരിട്ട ബുദ്ധിമുട്ടുകൾ, വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവ വിശദമായിത്തന്നെ രേഖപ്പെടുത്തി. കുട്ടികളുടെ സുരക്ഷക്കും പങ്കാളിത്തത്തിനും ലഭ്യമായ ഫണ്ട് ഉപയോഗിച്ചോ ഇതര സ്കീമുകൾ പ്രകാരമോ തദ്ദേശ സ്ഥാപനം നടപ്പിലാക്കിയ പ്രൊജെക്റ്റുകളുടെ വിശദാംശങ്ങൾ ശേഖരിച്ചു തയ്യാറാക്കി. ഇത്തരം വിജയകരമായ പ്രവർത്തനങ്ങൾ മറ്റു തദ്ദേശ സ്ഥാപങ്ങൾക്ക് പ്രചോദനകരമായ മാതൃകയായിട്ടെടുക്കാൻ സാധിക്കും.

## ഡോക്യുമെൻറേഷൻ തയ്യാറാക്കൽ

മുൻകൂട്ടി നിശ്ചയിച്ച സ്ഥാപനങ്ങളിൽ പ്രാഥമിക കൂടിക്കാഴ്ചയ്ക്ക് ശേഷം ഓരോ വിദഗ്ധരും സിപിസി പ്രവർത്തനങ്ങളുടെ വിവിധ വശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ആരംഭിച്ചു. ഓരോ സ്ഥലത്തും അനുഭവവേദ്യമായ കാര്യങ്ങൾ കിലയെ അറിയിച്ചുകൊണ്ടിരുന്നു. ഒരു സ്ഥാപനത്തിലിരുന്നു മാത്രം രേഖ തയ്യാറാക്കൽ അസാധ്യമായിരുന്നു. ആയതിനാൽ തദ്ദേശ ഭരണ സ്ഥാപനത്തിലെ പ്രൊജെക്റ്റുകൾ പരിശോധിച്ചും പ്രവർത്തനങ്ങൾ നേരിട്ട് കണ്ടും വിവര ശേഖരണം നടത്തി. ഇൻറർവ്യൂ, ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ, സെമിനാർ പങ്കാളിത്തം തുടങ്ങിയ രീതികൾക്കൊപ്പം ശാസ്ത്രീയമായ മറ്റു രീതികള് അവലംബിക്കുകയും ചെയ്തു.

## റിവ്യൂ ഓഫ് റിപ്പോർട്ട് (റിപ്പോർട്ട് അവലോകനം)

ഡോക്യുമെൻറേഷൻ തയ്യാറാക്കുന്നതിനിടയിൽ കിലയുടെ നേതൃത്വത്തിൽ ഒരു ഓൺലൈൻ വിലയിരുത്തലും പിന്നീട് നേരിട്ടുള്ള അവലോകനയോഗവും ചേർന്നിരുന്നു. ആദ്യ സംരംഭം എന്ന നിലയിൽ ഓരോ തവണയും ചിട്ടപ്പെടുത്തലുകൾ നടത്തുകയും ചെയ്തു.

## ഡോക്യുമെൻറ് സമർപ്പണം

ഡോക്യുമെൻറ് തയ്യാറാക്കിത്തീരുന്ന മുറയ്ക്ക് തങ്ങൾ തയ്യാറാക്കിയ റിപ്പോർട്ട് കിലയിലേക്ക് ഈമെയിലായും പ്രിൻ്റഡ് ഡോക്യുമെൻറ് ആയും സമർപ്പിച്ചു. ഘടനയിലും ഭാഷയിലും ഐക്യരൂപ്യം വരുത്തുന്നതിനായി ഒരു ഏകദിന ശിൽപ്പശാല നടത്തി. ഡോക്യുമെൻറ് മലയാളത്തിലും ഇംഗ്ലീഷിലും പരിഭാഷപ്പെടുത്തുന്നതിനായി ശ്രീ. കൃഷ്ണൻ രാജൻ അവർകളെ ചുമതലപ്പെടുത്തി. ഇതിൻപ്രകാരം അദ്ദേഹം തയ്യാറാക്കിയ ഡ്രാഫ്റ്റ്, റിസോർസ് പേഴ്സൺമാരുടെ യോഗത്തിൽ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു.

# അധ്യായം 2 – വൾണറബിലിറ്റി മാപ്പിംഗ്

കേരളത്തിലെ ഒരു കോടിയിലധികം വരുന്ന കുട്ടികളുടെ അവകാശസംരക്ഷണം വ്യത്യസ്തമായ വെല്ലുവിളികളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. താമസസ്ഥലങ്ങളിൽ നിന്നുതന്നെയാണ് അതിക്രമങ്ങൾ കൂടുതലായും റിപ്പോർട്ട് ചെയ്യപ്പെടുന്നത് എന്നത് പ്രത്യേകശ്രദ്ധ അർഹിക്കുന്ന കാര്യമാണ്. കുട്ടികൾ സുരക്ഷിതരായിരിക്കേണ്ട ഇടങ്ങളായ കുടുംബങ്ങൾ, വിദ്യാലയങ്ങൾ, സംരക്ഷണസ്ഥാപനങ്ങൾ, ചുറ്റുപാടുകൾ തുടങ്ങിയവയിൽ കാണപ്പെടുന്ന ബാലാവകാശലംഘന സാധ്യതകൾ കാലേക്കൂട്ടി തിരിച്ചറിയാൻ കഴിയുക എന്നത് പരമപ്രധാനമാണ്. അതിക്രമങ്ങൾക്ക് എളുപ്പം വിധേയരാവാൻ സാധ്യതയുള്ളവരെ തിരിച്ചറിയുക മാത്രമല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സമൂഹത്തിൽ ഏതെല്ലാം തരത്തിൽ, ഏതെല്ലാം സാഹചര്യങ്ങളിൽ നടക്കുന്നുവെന്നത് തിരിച്ചറിയുകയും ഇത്തരം പ്രശ്നസാഹചര്യങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനുള്ള സാഹചര്യമൊരുക്കുകയും ചെയ്യുകയെന്നതാണ് അപായാവസ്ഥാ നിർണ്ണയം കൊണ്ടുദ്ദേശിക്കുന്നത്. ഈ പഠനം നടത്തുന്നതിനുള്ള മാതൃകാഫോറം ശ്രദ്ധിക്കുക.

സാമൂഹിക ദുർബ്ബലത

പല അവകാശനിഷേധങ്ങൾക്കും കാരണം സാഹചര്യങ്ങളും മനോഭാവവും ആണ്. മനുഷ്യന്റെ ആരോഗ്യകരമായ ജീവിതം ദുഷ്കരമാക്കുന്ന ബാഹ്യസമ്മർദ്ദങ്ങൾ എത്രത്തോളം തീവ്രമാണെന്ന് വിവരിക്കുന്ന സാഹചര്യങ്ങളാണ് സാമൂഹിക ദുർബലത. ഈ സമ്മർദ്ദങ്ങൾ പ്രകൃതിദത്തമോ, ആകസ്മികമോ, മനുഷ്യനിർമ്മിതമോ ആകാം. പരിസ്ഥിതി പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, അപകടങ്ങൾ, യുദ്ധങ്ങളും കലാപങ്ങളും, കുടുംബത്തിലെ പൊരുത്തക്കേടുകൾ, രോഗഗ്രസ്തമായ കുടുംബാവസ്ഥ, സാമ്പത്തിക ക്ലേശം എന്നിങ്ങനെ പലതും ദുർബലതയ്ക്ക് കാരണമാകുന്ന ഘടകങ്ങളാണ്. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും

ആവശ്യങ്ങളെക്കുറിച്ചുമുള്ള അറിവില്ലായ്മ, രക്ഷിതാക്കളുടെ മാനസികാസ്വാസ്ഥ്യങ്ങൾ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, മാനസികാരോഗ്യക്കുറവ് തുടങ്ങിയവയെല്ലാം കുട്ടിയുടെ സംരക്ഷണാവകാശത്തെ ഗുരുതരമായി ബാധിക്കുന്നതായി കാണാം.

വൾണറബിലിറ്റി മാപ്പിംഗ്

അപായാവസ്ഥയിൽ എളുപ്പം അകപ്പെടാവുന്ന കുട്ടികളെ തിരിച്ചറിയുകയാണ് മാപ്പിംഗിന്റെ പ്രാഥമികലക്ഷ്യം.

മാപ്പിംഗ് പട്ടിക തയ്യാറാക്കുന്നതെങ്ങിനെ –

ഔദ്യോഗികമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വകുപ്പുകളിലേയും, വികസന മേഖലകളിലേയും ഡാറ്റയാണ് പ്രധാനം. ആരോഗ്യം, ഐസിഡിഎസ്, പട്ടികജാതി–പട്ടികവർഗ വികസനം, സിഡിഎസ് ഡാറ്റ, വിദ്യാഭ്യാസം എന്നിവയാണ് സാധ്യമായ തലങ്ങൾ. ചില കണക്കുകൾ ബാലാവകാശ സംരംക്ഷണ യൂണിറ്റുകളിൽ നിന്നും ശേഖരിക്കുകയും ആകാം. വാർഡ്– ഡിവിഷൻ തലത്തിൽ പട്ടികകൾ ശേഖരിച്ച് ക്രോഡീകരിക്കാൻ ഔദ്യോഗിക സംവിധാനങ്ങൾക്ക് കഴിയും. ഇപ്രകാരം ലഭിക്കുന്ന കണക്കുകളനുസരിച്ച് അപായസാധ്യതകൾ എവിടെ, ആർക്ക്, എന്തുകൊണ്ട് എന്നത് റിവ്യൂ മീറ്റിംങ്ങ് വഴി കണ്ടെത്തി പരിഹാര സാധ്യതകൾ ഒരുക്കുകയാണ് ലക്ഷ്യം.

പരിഹാര സ്രോതസ്സുകൾ

പ്രശ്നസാഹചര്യങ്ങളെ താഴെപ്പറയുംവിധം വർഗ്ഗീകരിക്കാം

- ഇല്ലായ്മകൾ – ദാരിദ്ര്യം
- കുടുംബഛിദ്രങ്ങൾ – മാനസീകാരോഗ്യം
- കുടുംബാംഗങ്ങളുടെ രോഗം, ഭിന്നശേഷി
- ആകസ്മിക ദുരന്തങ്ങൾ, മാരക രോഗം – അപകടം
- കുടുംബസംവിധാനം

- വീടിന്റെ അവസ്ഥ
- ബാലാവകാശത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ

പ്രശ്നഹേതുക്കൾ തിട്ടപ്പെടുത്തിയാൽ ഏതെല്ലാം സ്രോതസ്സുകൾ പരിഹാരത്തിനായി ഉപയുക്തമാക്കാമെന്ന് കണ്ടെത്തേണ്ടതാണ്.

എ) തദ്ദേശഭരണസ്ഥാപനത്തിന് നിർവ്വഹിക്കാൻ അനുമതിയുള്ള ധനവിനിയോഗ പ്രോജക്ടുകൾ

ബി) വിവിധ വകുപ്പുകളിലെ പരിപാടികൾ വഴി നടത്താൻ കഴിയുന്ന ഇടപെടലുകൾ

സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ ( സ്കീംമാപ്പിംഗ് )

ഡി) ബഹുജന പിന്തുണകൾ, സിഎസ്ആർ ഫണ്ടുകൾ

ഇ) സംയോജിത പ്രോജക്ടുകൾ

എഫ് ) ബാലനീതി നിയമസംവിധാനങ്ങൾ – സാധ്യതകൾ

ബാലസുരക്ഷ സമഗ്ര പ്രോജക്ട്

ബാലസുരക്ഷ ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണസ്ഥാപനതലത്തിൽ ബാലസുരക്ഷ സമഗ്ര പ്രോജക്ട് തയ്യാറാക്കുന്നതിന് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി മുൻകൈ എടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുട്ടികളുടെ അടിയന്തിര സഹായത്തിന് ബന്ധപ്പെടേണ്ട സംവിധാനങ്ങളുടെ ഡയറക്ടറി തദ്ദേശഭരണസ്ഥാപനം ഒരു ബോർഡായി പ്രസിദ്ധപ്പെടുത്തുന്നത് ഉപകാരപ്രദമാകും.

# വൾണറബിലിറ്റി മാപ്പ് – ഫോർമാറ്റ്

തദ്ദേശഭരണസ്ഥാപനത്തിന്റെ

പേര്...........................................................................................................

...

വർഷം...........................................................

തിയതി........................................

## അപായസാധ്യത നേരിടുന്ന കുട്ടികളുടെ സ്ഥിതി വിവര കണക്ക് ( വൾണറബിലിറ്റി മാപ്പിംഗ് )

| ക്ര.നം | വിഷയങ്ങൾ | എണ്ണം | |
|---|---|---|---|
| | | ആൺ | പെൺ |
| 1 | സ്ഥാപനാതിർത്തിയിലെ കുടുംബങ്ങളിൽ – അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന കുട്ടികൾ | | |
| 2 | പ്രി മെട്രിക്ക് ഹോസ്റ്റലുകളിൽ സംരക്ഷിക്കപ്പെടുന്ന കുട്ടികൾ | | |
| 3 | കാണാതായതായി റിപ്പോർട്ട് ചെയ്യപ്പെട്ട കുട്ടികൾ | | |
| 4 | നിയമവുമായി പൊരുത്തപ്പെടാതെ ശിക്ഷക്ക് വിധേയരായ കുട്ടികൾ | | |
| 5 | ചൈൽഡ് വെൽഫെയർ കമ്മിറ്റി നിരീക്ഷണത്തിലുള്ള കുട്ടികൾ | | |
| 6 | പോക്സോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസ്സുകളിൽ പെടുന്നവർ | | |

| | | | |
|---|---|---|---|
| 7 | ക്ലേശകരമായ അവസ്ഥയിൽ പരിചരണം ലഭിക്കാതെ കഴിയുന്ന കുട്ടികൾ | | |
| 8 | ദത്തെടുക്കപ്പെട്ട കുട്ടികൾ | | |
| 9 | ഫോസ്റ്റർ കെയർ – സ്പോൺസർഷിപ്പ് സുരക്ഷയിൽ കഴിയുന്ന കുട്ടികൾ | | |
| 10 | റോഡ് അപകടങ്ങളിൽ ഗുരുതരമായി പരിക്ക് പറ്റിയ കുട്ടികൾ | | |
| 11 | പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള പ്രയാസം അനുഭവിക്കുന്ന കുട്ടികൾ | | |
| 12 | അനാഥരായ കുട്ടികൾ ( അച്ഛനോ അമ്മയോ മരിച്ചത് ) | | |
| 13 | എച്ച് ഐ വി ബാധിത കുടുംബങ്ങളിലെ കുട്ടികൾ | | |
| 14 | ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ | | |
| 15 | ഭിന്നശേഷിക്കാരായ കുട്ടികൾ | | |
| 16 | സ്കൂളിൽ ചേരാൻ കഴിയാത്ത ശയ്യാവലംബരായ കുട്ടികൾ | | |
| 17 | ബാലവേല ചെയ്യുന്നതായി കണ്ടെത്തിയ കുട്ടികൾ | | |
| 18 | നിയമാനുസൃത പ്രായത്തിന് മുമ്പ് വിവാഹം കഴിച്ച കുട്ടികൾ | | |
| 19 | വിവാഹം കഴിക്കാതെ അമ്മമാരായവരുടെ കുട്ടികൾ | | |

| | | | |
|---|---|---|---|
| 20 | ശാരീരിക ശിക്ഷകൾക്ക് വിധേയരായ കുട്ടികൾ | | |
| 21 | മാനസികാതിക്രമങ്ങൾക്ക് വിധേയരായ കുട്ടികൾ | | |
| 22 | ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായ കുട്ടികൾ | | |
| 23 | ഗാർഹികാതിക്രമങ്ങൾക്ക് വിധേയരായ കുട്ടികൾ | | |
| 24 | അനാശ്യാസ ജീവിതസാഹചര്യങ്ങളിലെ കുട്ടികൾ | | |
| 25 | വിവാഹബന്ധം വേർപ്പെടുത്തപ്പെട്ടവരുടെ കുട്ടികൾ | | |
| 26 | പുനർവിവാഹിത ദമ്പതികളുടെ കുട്ടികൾ | | |
| 27 | പട്ടികജാതി സങ്കേത കുടുംബങ്ങളിലെ കുട്ടികൾ | | |
| 28 | പട്ടികവർഗ സങ്കേത കുടുംബങ്ങളിലെ കുട്ടികൾ | | |
| 29 | ആശ്രയയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ | | |
| 30 | ഒറ്റ മുറിയുള്ള വീടുകളിലെ കുട്ടികൾ | | |
| 31 | വൈദ്യുതീകരിക്കാത്ത കുടുംബങ്ങളിലെ കുട്ടികൾ | | |
| 32 | കുടിവെള്ളം ലഭ്യമല്ലാത്ത ഇടങ്ങളിൽ താമസിക്കുന്ന കുട്ടികൾ | | |

| | | | |
|---|---|---|---|
| 33 | ശുചിത്വമുള്ള ശൗചാലയങ്ങളില്ലാത്ത കുടുംബങ്ങളിലെ കുട്ടികൾ | | |
| 34 | ഭവനരഹിതരായ കുടുംബങ്ങളിലെ കുട്ടികൾ | | |
| 35 | പൊതുസ്ഥലങ്ങളിൽ അനുചിത പെരുമാറ്റത്തിന് വിധേയരാകുന്ന കുട്ടികൾ | | |
| 36 | പാലിയേറ്റിവ് രോഗികളുള്ള കുടുംബങ്ങളിലെ കുട്ടികൾ | | |
| 37 | ജയിൽവാസമനുഭവിക്കുന്നവരുടെ കുട്ടികൾ | | |
| 38 | ലഹരി – സൈബർ കുറ്റത്തിന് വിധേയരായ കുട്ടികൾ | | |
| | **ആകെ** | | |

## വൾണറബിലിറ്റി മാപ്പിംഗ് ഡാറ്റാ ശേഖരണം

-------------------

വൾണറബിലിറ്റി മാപ്പ് വിശദാംശങ്ങൾ ശേഖരിക്കുന്നതിന് താഴെപ്പറയുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

1. കേരള വനിത-ശിശുവികസന വകുപ്പ് അങ്കണവാടികൾ മുഖേന ശേഖരിച്ചിട്ടുള്ള വൾണറബിലിറ്റി മാപ്പ് ഡാറ്റ സൂപ്പർവൈസർ മുഖേന ചൈൽഡ്പ്രോട്ടക്ഷൻ കമ്മിറ്റി ചെയർമാന് ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കാം.

2. അങ്കണവാടി വാർഷിക സർവ്വേ നടത്തുന്ന വേളകളിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ വൾണറബിലിറ്റി മാപ്പ് ഡാറ്റ നിശ്ചിത ഫോർമാറ്റിൽ ശേഖരിച്ച് നൽകുന്നതിന് സൂപ്പർവൈസർക്ക് നിർദേശം നൽകാം.

സൂപ്പർവൈസർക്ക് പ്രതിമാസ മീറ്റിംഗിലും അതോടൊപ്പം ചൈൽഡ് ഡെവലപ്മെൻറ് ഓഫീസർ നടത്തുന്ന റിവ്യൂ മീറ്റിങ്ങിലും നിർദ്ദേശം നൽകാൻ സാധിക്കും. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആനുവൽ സർവ്വേ നടത്തുമ്പോൾ അങ്കണവാടികളിലെ ഫാമിലിസർവ്വേ രജിസ്റ്റർ പൂർണ്ണമാക്കുകയും അതോടൊപ്പം ഈ പത്രികയിലെ ഡാറ്റ ശേഖരിക്കുകയും ചെയ്യാവുന്നതാണ്. ഇതോടൊപ്പം പ്രശ്നബാധിതങ്ങളായ കുടുംബങ്ങളുടെ നമ്പരും വിലാസവും കുട്ടികളുടെ വിവരങ്ങളും പ്രശ്നങ്ങളും വളരെ ഗോപ്യമായി ശേഖരിച്ച് ഒരു വെള്ളക്കടലാസിൽ എഴുതി പ്രത്യേകം കവറിൽ ആക്കി അങ്കണവാടിവർക്കർക്ക് സൂക്ഷിക്കാവുന്നതും അത് ഐസിഡിഎസ് സൂപ്പർവൈസർക്ക് കൈമാറാവുന്നതുമാണ്. വിവരഫോറത്തിൽ ശേഖരിച്ച വ്യക്തിയുടെ പേരും ഒപ്പും രേഖപ്പെടുത്തേണ്ടതില്ല. സൂപ്പർവൈസർക്ക് പ്രശ്നബാധിതരുടെ വിവരങ്ങൾ പ്രശ്നം തിരിച്ച് പട്ടികയാക്കി കമ്മിറ്റിയ്ക്ക് നൽകാം. ഈ വിവരങ്ങൾ ഗോപ്യമായി സൂക്ഷിക്കുന്നതിന് ചെയർമാൻ ശ്രദ്ധിക്കേണ്ടതാണ്. ഡാറ്റ പട്ടികയല്ലാതെ മറ്റു വിവരങ്ങൾ ആർക്കും കൈമാറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്( Right to privacy). ഇടപെടൽ ആവശ്യമായ മേഖലകൾ, പ്രശ്നതലങ്ങൾ, കുടുംബങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. മൈക്രോ പ്ലാൻ, റിഹാബിലിറ്റേഷൻ പ്ലാൻ, സംയോജിതപരിപാടികൾ, കാമ്പയ്ൻ, ഐ.ഇ.സി ഫലകങ്ങൾ, കോപ്റ്റ നിയമപാലനം തുടങ്ങി ഏതെല്ലാം ഇടപെടലുകൾ, പ്രതിരോധ മാർഗങ്ങൾ തുടങ്ങിയവ സ്വീകരിക്കാൻ സാധ്യമാകുമെന്ന് തദ്ദേശഭരണസ്ഥാപനത്തിന് തീരുമാനത്തിലെത്താൻ കഴിയുംവിധം സി.പി.സി കമ്മിറ്റി നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

# അധ്യായം 3 – SWOT റിപ്പോർട്ട്

ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (സിപിസി) യുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കുറേക്കൂടി വ്യക്തത വരുത്തുന്നതിലേക്കായി പഠനഗ്രൂപ്പിൽപ്പെട്ടവർ SWOT വിശകലനരീതി ഉപയോഗപ്പെടുത്തുകയുണ്ടായി. സിപിസി സംവിധാനത്തിന് നിലവിലുള്ള കരുത്ത്/പ്രബലത(Strength), ബലഹീനത /ദൗർബല്യം( Weakness), അവസരങ്ങൾ /സാധ്യതകൾ (Opportunities), വെല്ലുവിളി/ഭീഷണി (Threat) എന്നീ ഘടകങ്ങളാണ് പഠനപ്രക്രിയയുടെ ഭാഗമായി തിരിച്ചറിയുവാൻ ശ്രമിച്ചത്. തിരിച്ചറിഞ്ഞ കാര്യങ്ങൾ ഒരു ചാർട്ട് രൂപത്തിൽ താഴെ കൊടുക്കുന്നു:

## കരുത്ത്/ പ്രബലത (Strength)

- സിപിസിയോട് അനുകൂല മനോഭാവം പുലർത്തുന്ന പഞ്ചായത്ത് ഭരണസമിതി.
- കുട്ടികളുടെ പ്രശ്നങ്ങളെ കുറിച്ച് ധാരണയുള്ള നേതൃത്വം.
- പദ്ധതി പ്രവർത്തനങ്ങളിൽ നിർവഹണോദ്യോഗസ്ഥരുടെയും അനുബന്ധ സംവിധാനങ്ങളുടെയും പിന്തുണ.
- മറ്റ് വകുപ്പുകളു മായുള്ള ഏകോപനവും സഹകരണവും.
- സിപിസി യിലുള്ള കുട്ടികളുടെ പങ്കാളിത്തം.
- വിവരസാങ്കേതിക സംവിധാനങ്ങളുടെ ഉപയോഗപ്പെടുത്തൽ.
- സമയ ക്രമം പാലിച്ച് കൃത്യമായ ഇടവേളകളിൽ ചേരുന്ന സിപിസി യോഗങ്ങൾ.
- കുട്ടികളുടെ സംരക്ഷണാവകാശങ്ങൾ ധ്വംസിക്കപെടുന്ന സന്ദർഭങ്ങളിൽ ഇടപെടൽ ആവശ്യപ്പെടാവുന്ന പ്രാദേശിക പ്രജാധിപത്യ വേദി .
- സംരക്ഷണാവകാശങ്ങളെ സംബന്ധിച്ച ജനാവബോധ പ്രവർത്തന സ്രോതസ്.

- സംരക്ഷണാവകാശ ധ്വംസന സാധ്യതകൾ തിട്ടപ്പെടുത്തുന്നതിനും പ്രതിരോധ മാർഗങ്ങൾ അവലംബിക്കുന്നതിനുമുള്ള മാന്റേറ്റ്.
- കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനാവശ്യമായ വികസന ബഡ്ജറ്റ് വിനിയോഗവും സ്കീം ഇന്റഗ്രേഷനും പ്രേരണ നൽകാൻ പ്രാപ്തമായ പഞ്ചായത്ത് സംവിധാനം.

## ബലഹീനത/ ദൗർബല്യം (Weakness)

- സിപിസി മീറ്റിംഗ് അറിയിപ്പുകൾ മുൻകൂട്ടി ലഭിക്കുന്നില്ല.
- നിശ്ചിത ഇടവേളകളിൽ നിർബന്ധമായും മീറ്റിംഗ് കൂടിയിരിക്കണം എന്ന നിബന്ധന പാലിക്കുന്നില്ല.
- തീരുമാനങ്ങൾക്കനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾക്കാവശ്യമായ ഭരണപരമായ ഇടപെടലുകളുടെ കുറവ്.
- സിപിസി അംഗങ്ങളുടെ സ്ഥലംമാറ്റവും (ഐസിഡിഎസ് സൂപ്പർവൈസർ, അധ്യാപകർ, ഡിസിപിയു പ്രതിനിധി തുടങ്ങിയവരുടെ) നിയമനങ്ങളിൽ വരുന്ന കാലതാമസവും.
- LSG തലത്തിൽ കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ അടക്കമുള്ള വിവരങ്ങളുടെ അപര്യാപ്തത.
- സിപിസി ലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ തുടങ്ങിയവയെക്കുറിച്ച് അംഗങ്ങൾക്കിടയിലുള്ള അവ്യക്തത.
- മീറ്റിങ്ങുകളിൽ സിപിസി അംഗങ്ങളുടെ, പ്രത്യേകിച്ചും നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ അസാന്നിധ്യം.
- സഹസംവിധാനങ്ങളുടെ പരസ്പരബന്ധത്തിലുള്ള കുറവ്.
- കൺവീനർ സ്ഥാനം വഹിക്കുന്ന ഉദ്യോഗസ്ഥ(ൻ) സി.പി സി പ്രവർത്തനങ്ങൾ അപ്രധാനമായി കണക്കാക്കുന്നത്.

- റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ നടപടി സ്വീകരിക്കുന്നതിലുള്ള അലംഭാവം.
- രാഷ്ട്രീയ സാമുദായിക ഇടപെടലുകൾ.
- കുട്ടികളുടെ സംരക്ഷണാവകാശങ്ങളെക്കുറിച്ച് വേണ്ടത്ര ധാരണയില്ലാത്ത സന്നദ്ധപ്രവർത്തകർ കമ്മിറ്റി അംഗങ്ങളാക്കപ്പെടുന്നത്.

## അവസരങ്ങൾ / സാധ്യതകൾ (Opportunities)

- തദ്ദേശ സ്വയംഭരണ സർക്കാർ സംവിധാനത്തിന്റെ ഭാഗമാണെന്നുള്ളതും വകുപ്പുതല സംയോജനവും.
- തദ്ദേശ സ്വയംഭരണ സർക്കാർ അധ്യക്ഷൻ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ തുടങ്ങിയവരുടെ പങ്കാളിത്തം.
- തദ്ദേശ സ്വയംഭരണ സർക്കാർ തലത്തിൽ കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മ.
- സിപിസിയിലുള്ള കുട്ടികളുടെ പങ്കാളിത്തം വഴി മറ്റു സമാന സംവിധാനങ്ങളുടെയും കുട്ടികളുടെയും യോജിച്ച പ്രവർത്തന സാധ്യത.
- അതിദരിദ്ര സർവ്വേ, വൾനറബിലിറ്റി മാപ്പിംഗ് തുടങ്ങിയവയിലൂടെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള സൂക്ഷ്മതല പ്രവർത്തന സാധ്യത.
- സിപിസി മീറ്റിംഗ് ചർച്ചകൾ വഴി കുട്ടികൾക്കായുള്ള നൂതന പദ്ധതിയുടെ ആവിഷ്കരണവും വിഭവസമാഹരണവും.
- ഓരോ വാർഡിലും/ഡിവിഷനിലും മൈക്രോ ബാലസംരക്ഷണ സമിതികളുടെ രൂപീകരണ സാധ്യത.

## വെല്ലുവിളികൾ/ ഭീഷണികൾ (Threat)

- സിപിസി അംഗങ്ങൾക്കിടയിൽ കുട്ടികൾക്ക് വേണ്ടിയുള്ള അവകാശാധിഷ്ഠിത ചിന്താഗതിയും സമീപനവും രൂപപ്പെടുന്നില്ല.
- കുട്ടികളുടെ വിവിധ വിഷയങ്ങൾ അധികാരപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ വരുന്ന കാലതാമസം.
- രഹസ്യാത്മകതയുടെ കാര്യത്തിൽ സിപിസി അംഗങ്ങളിലുള്ള വിശ്വാസക്കുറവ്.
- സിപിസി നിർദേശിക്കുന്ന പരിപാടികൾക്കും പദ്ധതികൾക്കും മേലെ ബാലസഭ പദ്ധതികൾക്കും അങ്കണവാടി പദ്ധതികൾക്കും ലഭിക്കുന്ന മുൻതൂക്കം.
- കുട്ടികൾക്ക് വ്യക്തിഗത സംരക്ഷണം (ഭൗതികവും മാനസികവും) കൊടുക്കുന്നതിന് കൃത്യമായ ഡാറ്റാബേസ് LSG തലത്തിൽ ഇല്ല.
- കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അനുസരിച്ചും ജനസംഖ്യാതോതനുസരിച്ചും ആനുപാതികമായ ഫണ്ട് ലഭ്യമല്ല എന്ന അവസ്ഥ.
- സിപിസി യിലേക്ക് നാമനിർദേശം ചെയ്യപ്പെടുന്ന കുട്ടികൾക്കും മറ്റു കുട്ടികൾക്കും മുതിർന്നവരുടെ ഇടപെടൽ മൂലം സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരങ്ങൾ പരിമിതമാണ്.

9 LSG കളിലും നടത്തിയ പ്രക്രിയയിലൂടെ തിരിച്ചറിഞ്ഞ കാര്യങ്ങളാണ് ചാർട്ട് രൂപത്തിൽ കൊടുത്തിരിക്കുന്നത്. മുകളിൽ ചേർത്തിരിക്കുന്ന SWOT വിശകലനത്തിലൂടെ നിലവിലുള്ള സിപിസി പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ സ്വരൂപിക്കുവാനും രേഖപ്പെടുത്തുവാനും സാധിച്ചു. ഓരോ LSGകളിലും SWOT ചെയ്യാൻ കഴിഞ്ഞാൽ ഇത്തരം വ്യത്യസ്തങ്ങളായ മറുപടികൾ ലഭിക്കും. അങ്ങനെ ലഭിക്കുന്ന തിരിച്ചറിവുകൾ തീർച്ചയായും സിപിസി പ്രവർത്തനങ്ങൾക്ക് ദിശാബോധവും ഊർജ്ജസ്വലതയും നൽകും.

# അധ്യായം 4 – മികച്ച മാതൃകകൾ

## എ – താനാളൂർ പഞ്ചായത്ത്

## ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി

### ആമുഖം

മലപ്പുറം ജില്ലയിലെ ഒരു തീരദേശ കാർഷിക ഗ്രാമമാണ് താനാളൂർ. താനൂർ ബ്ലോക്കിന് കീഴിൽ തിരൂർ താലൂക്കിൽ 15.12 കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്താണ് താനാളൂർ. പ്രകൃതി വിഭവങ്ങൾ കൊണ്ടും മനുഷ്യശേഷികൊണ്ടും അനുഗ്രഹീതമാണ് ഈ ഗ്രാമം. പഞ്ചായത്തിന്റെ കിഴക്കൻ മേഖല ഉയരം കൂടിയ പ്രദേശവും മധ്യമേഖലയും പടിഞ്ഞാറൻ മേഖലയും താഴ്ന്ന പ്രദേശങ്ങളുമാണ്. കൂടാതെ പടിഞ്ഞാറൻ മേഖല തീരദേശത്തോട് അടുത്ത് കിടക്കുന്നു. വിദ്യാഭ്യാസം, സംസ്കാരം, കലാവികസനം, യുവജനക്ഷേമം എന്നീ ലക്ഷ്യങ്ങളോടെ നിരവധി പരിപാടികൾ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ ഉന്നമനത്തിനായി 2008 മുതൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിവരുന്നു. സ്കൂളുകളുടെ അക്കാദമിക നിലവാരം ഉയർത്തുക, സ്കൂളുകളുടെ മികവ് പ്രോത്സാഹിപ്പിക്കുക, കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും ശിശുസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി പഞ്ചായത്തിൽ 2015 ൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിച്ചു. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും കൃത്യമായ ധാരണ എല്ലാ ജനപ്രതിനിധികൾക്കുമുണ്ട്. കുട്ടികൾ നേരിടുന്ന രണ്ടാം തലമുറ പ്രശ്നങ്ങളെ ഭരണസമിതി അതീവ ഗൗരവത്തോടെയാണ് കൈകാര്യം ചെയ്യുന്നത്. താനാളൂർ ഗ്രാമപഞ്ചായത്തിനെ ജെൻഡർ സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. ജാഗ്രതാസമിതികൾ ശാക്തീകരിക്കുന്നതിനായി രൂപീകരിക്കപ്പെട്ട ജെൻഡർ

റിസോഴ്സ് സെന്റർ 2018 മുതൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കുട്ടികൾക്ക് വേണ്ടിയുള്ള മറ്റ് വകുപ്പുകളുടെ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് കൃത്യമായ ഇടപെടൽ പഞ്ചായത്ത് നടത്തുന്നുണ്ട്.

## പഞ്ചായത്ത് പൊതു വിവരങ്ങൾ

| | |
|---|---|
| ജില്ല | :മലപ്പുറം |
| താലൂക്ക് | :തിരൂർ |
| ബ്ലോക്ക് | :താനൂർ |
| വില്ലേജ് | :താനാളൂർ |
| അംശങ്ങൾ | :താനാളൂർ, കേരളാധീശപുരം |
| പാർലമെൻറ് മണ്ഡലം | :പൊന്നാനി |
| അസംബ്ലി മണ്ഡലം | :താനൂർ |
| വാർഡുകൾ(ഗ്രാമ പഞ്ചായത്ത് ) | :23 |
| വാർഡുകൾ (ബ്ലോക്ക് പഞ്ചായത്ത് ) | :3 |
| വാർഡുകൾ (ജില്ലാ പഞ്ചായത്ത് ) | :1 |
| വിസ്തൃതി | :15.12 ച. കി. മീ |
| ജനസംഖ്യ | :63992 |

### കുട്ടികളുടെ എണ്ണം

| നം | വയസ്സ് | എണ്ണം |
|---|---|---|
| 1 | 0–6 | 7127 |
| 2 | 6–10 | 4840 |
| 3 | 10–18 | 8738 |
| | ആകെ കുട്ടികൾ | 20724 |

## ബാലസുരക്ഷ സമിതി ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി – പ്രാദേശിക ലക്ഷ്യങ്ങൾ

- അതിജീവനത്തിനുള്ള അവകാശം:
- ഗർഭധാരണത്തിന്റെയും ജനനത്തിന്റെയും രജിസ്ട്രേഷൻ.
- പ്രതിരോധ കുത്തിവയ്പ്പ് 100%ത്തിൽ എത്തിയ്ക്കുക.
- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക.
- വീടുകളിലും പൊതുവിടങ്ങളിലും ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- വികസനത്തിനുള്ള അവകാശം:
- എല്ലാ കുട്ടികൾക്കും ആരോഗ്യവും പോഷകാഹാരവും.
- കുട്ടിക്കാലത്തെ പരിചരണവും വിദ്യാഭ്യാസവും.
- ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസവും സംരക്ഷണവും ഉറപ്പുവരുത്തൽ.
- കൊഴിഞ്ഞു പോക്ക് തടയുക.
- സംരക്ഷണത്തിനുള്ള അവകാശം:
- ബാലവിവാഹം ഇല്ലാതെയാക്കുക.
- കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം തടയുക.
- ശാരീരിക ഉപദ്രവം തടയുക.
- മാതാപിതാക്കളുടെ പരിചരണമില്ലാത്ത കുട്ടികളുടെ സംരക്ഷണം.
- കുട്ടികൾക്ക് ദോഷമുണ്ടാകുന്നതരത്തിലുള്ള അന്ധവിശ്വാസങ്ങൾക്കെതിരായ പ്രവർത്തനങ്ങൾ.

- പങ്കാളിത്തത്തിനുള്ള അവകാശം:

- വിഷമസാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളുടെ മുഖ്യധാരാവൽക്കരണം.

- പദ്ധതിയാസൂത്രണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക

## ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തനങ്ങൾ

31-07-2015 ന് ചേർന്ന ആദ്യ കമ്മിറ്റി യോഗത്തിൽ 63 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ:

- ബാലവിവാഹം തടയുന്നതിനായി പഞ്ചായത്ത്തലത്തിൽ മതസ്ഥാപന മേധാവികളേയും മഹല്ല് കമ്മിറ്റി അംഗങ്ങളെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

- പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും പ്രധാനാധ്യാപകരെ ഉൾപ്പെടുത്തി യോഗം ചേരുന്നതിനും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിനുവേണ്ടി കൃത്യമായ അവബോധം നൽകാനും തീരുമാനിച്ചു.

- സ്കൂൾ കുട്ടികൾക്ക് ബസ് യാത്ര നിഷേധിക്കുന്നതിനെതിരായും മറ്റു ബാലാവകാശ ലംഘനങ്ങൾക്കെതിരായും ബോർഡുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു.

തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ മതസ്ഥാപനങ്ങളിൽ ബാലവിവാഹ നിരോധന നിയമത്തിന്റെ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചു. പഞ്ചായത്തിലെ സ്കൂളുകളിലെ പ്രധാനാധ്യാപകരുടെ യോഗം ചേരുകയും കുട്ടികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി സ്കൂൾതലത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കാൻ

തീരുമാനിക്കുകയും ചെയ്തു. എല്ലാ സ്കൂളുകളിലും അതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ നടത്തി.

09–03–2018 ന് ചേർന്ന അടുത്ത കമ്മിറ്റി യോഗത്തിൽ 24 അംഗങ്ങൾ പങ്കെടുത്തു. ആദ്യ കമ്മിറ്റി മീറ്റിംഗ് അവലോകനം ചെയ്യുകയും നടപ്പാക്കാൻ സാധിക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

- കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് എല്ലാ സ്കൂളുകളിലും അങ്കണവാടികളിലും പഞ്ചായത്ത് ഓഫീസിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുക.

- വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുകളിലെ കൗമാരക്കാരായ കുട്ടികൾക്ക് കുട്ടികളുടെ അവകാശങ്ങൾ, കുട്ടികളുടെ സംരക്ഷണത്തിനായുള്ള നിയമസംവിധാനങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുക.

- സ്കൂൾ കൗൺസിലർമാരുടെ സേവനം പഞ്ചായത്തുകളിലെ മറ്റു സ്കൂളുകളിലെ കുട്ടികൾക്കുകൂടി ലഭ്യമാകുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുക.

- 3 മാസത്തിലൊരിക്കൽ നിർബന്ധമായും കമ്മിറ്റി യോഗം ചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്യുക.

- അടുത്ത കമ്മിറ്റി യോഗത്തിന് മുൻപായി കുട്ടികൾക്ക് വേണ്ടി നടത്താൻ സാധിക്കുന്ന പരിപാടികൾ സ്കൂൾ തലത്തിൽ നൽകുന്നതിന് അദ്ധ്യാപകർക്ക് നിർദ്ദേശം നൽകി.

സ്കൂളുകളിൽ നിർദേശപ്പെട്ടികകൾ സ്ഥാപിച്ചു. കൂടാതെ വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ 3 വാർഡുകൾ സംയോജിച്ച് അങ്കണവാടിതലത്തിൽ കൗമാര പ്രായക്കാരായ കുട്ടികൾക്ക് പോക്സോ നിയമം, ചൈൽഡ് മാര്യേജ് ആക്ട്, ബാലനീതി നിയമം എന്നിവയിൽ ക്ലാസുകൾ നൽകി. വാർഡ് തലത്തിൽ രക്ഷിതാക്കൾക്ക് പേരന്റിംഗ് ക്ലാസുകൾ നൽകി. ഐസിഡിഎസ് പ്രോജെക്ടിനുകീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാരുടെ സേവനം ശിശു വികസന പദ്ധതി

ഓഫീസറുടെ അനുമതിയോടെ മറ്റു സ്കൂളുകളിലേക്കും ആവശ്യാനുസരണം വ്യാപിപ്പിച്ചു.

08–10–2021 ന് ചേർന്ന യോഗത്തിൽ 13 അംഗങ്ങൾ പങ്കെടുത്തു. ബാലസൗഹൃദ പഞ്ചായത്തായി മാറ്റുന്നതിനുള്ള വിപുലമായ ചർച്ച നടന്നു. ആയതിൽ കൈകൊണ്ട തീരുമാനങ്ങൾ:

- നിർദ്ദേശപ്പെട്ടികകൾ സ്ഥാപിക്കാത്ത സ്കൂളുകളിൽ ആയത് എത്രയും പെട്ടെന്ന് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- സ്കൂൾതല പിന്തുണാസംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ

- താനാളൂർ പഞ്ചായത്ത് ശിശുസൗഹൃദമാക്കാനുള്ള ശില്പശാല സംഘടിപ്പിക്കുക.

കുട്ടികൾക്ക് വീട്ടിൽ നിന്നും പരിചിതരിൽ നിന്നും നേരിടുന്ന അതിക്രമങ്ങൾ തുറന്നു പറയുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും സ്കൂൾതല പിന്തുണാസംവിധാനങ്ങൾ ഊർജിതപ്പെടുത്തേണ്ടതുണ്ട്. അത് സംബന്ധിച്ച് അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചു. ബാലസൗഹൃദ പഞ്ചായത്ത് എന്ന വിഷയത്തെ അധികരിച്ച് കുട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ശില്പശാല സംഘടിപ്പിച്ചു. മൂന്ന് അങ്കണവാടികളിലുള്ള കൗമാരക്കാരെ ഉൾക്കൊള്ളിച്ച് ജീവിതനൈപുണി പരിശീലനങ്ങൾ സംഘടിപ്പിച്ചു.

## സാമൂഹിക പങ്കാളിത്തം

കുട്ടികളുടെ അവകാശ സംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി പഞ്ചായത്തിലെ ഓരോ വാർഡിലും കുട്ടികളുടെ ഗ്രാമസഭകൾ ചേർന്നു വരുന്നു. കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വികസന വിഷയങ്ങളിൽ കുട്ടികളുടെ ചർച്ചകളും പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുണ്ടാകുന്ന

അതിക്രമങ്ങൾ ഗൗരവമായി കാണുവാനും കുട്ടികൾക്ക് പൂർണ പിന്തുണ നൽകുന്ന മനോഭാവത്തിലേക്ക് പൊതുജനങ്ങളെ എത്തിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

**ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി – കേസുകളിലെ ഇടപെടലുകൾ**

| വർഷം | കേസുകൾ |
|---|---|
| 2019 | 4 |
| 2021 | 3 |
| 2022 | 3 |

| **Vulnerabilities of children in the LSG** | **Action Taken Referred to whom** | **Results (Rehabilitated)** | **Place of Occurrence** | **Reason** |
|---|---|---|---|---|
| out of School (Substance abuse) | Exercise | Rehabilitated | Home | Addiction, Financial issues |
| Child Labour/drop out | School | Rejoined school | Home | Father Drunkard Broken Family |
| Out of school (Mental Issues) | School | Rejoined school | Home | Mental Problems |
| Malnutrition | DCPU | Rehabilitated to CCI | Home | Broken Family |
| Physical Abuse | Police CDMRP | Rehabilitated | Home | Broken Family |
| POCSO survivor | GRC | Counselling | Home | Broken family |
| Out of school | School | Rehabilitated | Home | Separated Parents |
| LD(2cases) | CDMRP | Rehabilitated | Home | Mental problem |
| POCSO | Police | Psychosocial support and follow up | Home | Abused from father |

## കുട്ടികൾക്കുവേണ്ടി പഞ്ചായത്ത് നടപ്പിലാക്കിയ നൂതന പദ്ധതികൾ

പഞ്ചായത്തിലെ പദ്ധതിനിർവഹണത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള അനിവാര്യ വകയിരുത്തലുകളിൽ (10 %) സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾക്ക് കൃത്യമായ പരിഹാരമുണ്ടാകുന്ന തരത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തു പോരുന്നത്. മാത്രവുമല്ല, കുട്ടികളുടെ അവകാശസംരക്ഷണത്തിനായുള്ള നൂതന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 40 കുട്ടികൾക്ക് തായ്ക്കൊണ്ടോ പരിശീലനം വിജയകരമായി പൂർത്തീകരിച്ചു.

പഞ്ചായത്ത് പരിധിയിലെ ദുർബലരായ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണിത്. കൗമാരക്കാരായ കുട്ടികളിൽ അതിക്രമങ്ങളിൽ നിന്നും സ്വയരക്ഷക്കുള്ള ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കാൻ ടി പദ്ധതിയിലൂടെ പഞ്ചായത്തിന് സാധിച്ചു.

2. യു. പി തലത്തിൽ പഠനം നടത്തുന്ന കുട്ടികൾക്കുള്ള നീന്തൽ പരിശീലനം.

കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുകയും ചെറുപ്രായത്തിൽത്തന്നെ സ്വയരക്ഷാമാർഗങ്ങളിൽ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്ത് നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി 50000 രൂപ ഫണ്ട് വകയിരുത്തി.

3. അറിവകം

കുട്ടികൾക്കും അദ്ധ്യാപകർക്കും പരിശീലനം നൽകി കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും കുട്ടികളുടെ സർഗാത്മകമായ കഴിവിനെ പരിപോഷിപ്പിക്കുന്നതിനും സഹായിക്കുന്ന പദ്ധതിയായിട്ടാണ് അറിവകം സമഗ്ര

വിദ്യാഭ്യാസ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നാലാംക്ലാസ് വിദ്യാർത്ഥികൾക്ക് ഇതോടൊപ്പം ഹ്രസ്വകാല പഠനയാത്രയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി 9,01,200 തുക ഫണ്ട് വകയിരുത്തി.

4. കുട്ടികളുടെ ഗ്രാമസഭ, കുട്ടികൾക്ക് വേണ്ടി പഞ്ചായത്ത്തലത്തിൽ ലഹരി ബോധവൽക്കരണ പരിപാടികൾ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

## പ്രത്യേക ഇടപെടലുകൾ

- വൾനറബിലിറ്റി മാപ്പിങ്ങ്

ഐസിഡിഎസ് മുഖേന പഞ്ചായത്തിലെ ദുർബലരായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുകയും പ്രത്യേകശ്രദ്ധ നൽകേണ്ട കുട്ടികളെ സംബന്ധിച്ച് കമ്മിറ്റി അംഗങ്ങളെ ബോധവത്കരിക്കുകയും ചെയ്തു. സ്കൂളിൽ എത്തുന്ന ഇത്തരത്തിലുള്ള കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുന്നതിന് അദ്ധ്യാപകർക്കും കമ്മിറ്റി നിർദ്ദേശം നൽകിയിരുന്നു.

- വ്യക്തിഗത പിന്തുണ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജെൻഡർ റിസോഴ്സ് സെന്റർ കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ മുഖേന കുട്ടികൾക്ക് നിയമപരമായ സഹായവും, സൈക്കോ–സോഷ്യൽ കൗൺസലിങ്ങും നൽകിവരുന്നു. കൂടാതെ പോലീസ് മറ്റ് വകുപ്പുകളിലെ സേവനങ്ങൾ നൽകുന്നതിനും സഹായിക്കുന്നു.

## വിശകലനം

ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തനം -- അവലോകനം

ബാലസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യത്തിനായി ഭരണസമിതി അംഗങ്ങളുടെയും കർത്തവ്യവാഹകരുടെയും പൂർണ്ണ പിന്തുണയോടെ പഞ്ചായത്ത്തല പ്രവർത്തനങ്ങൾ നല്ല രീതിയിൽ പ്രാവർത്തികമാക്കാൻ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ട്. കുട്ടികളുടെ രണ്ടാം തലമുറ പ്രശ്നങ്ങളാണ് പ്രധാനമായും പഞ്ചായത്ത് അഭിമുഖീകരിക്കുന്നത്.

2015 ൽ രൂപീകരിച്ച ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി കൃത്യമായി യോഗങ്ങൾ ചേർന്നിട്ടില്ലെങ്കിലും കുട്ടികളുടെ മേഖലയിൽ തുടർപ്രവർത്തങ്ങൾ നടത്തിയിരുന്നു. കുട്ടികളുടെ വികസന സമീപനത്തിൽ അവകാശാധിഷ്ഠിത സമീപനം ജനപ്രതിനിധികൾക്ക് നൽകുന്നതിന് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മീറ്റിംഗ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ബോധവൽക്കരണ പരിപാടികൾ മുഴുവൻ പഞ്ചായത്ത് പ്രദേശങ്ങളിലും എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് നല്ലരീതിയിൽ അവബോധം ഉണ്ടാക്കാൻ സഹായിച്ചു. ഓരോ വാർഡിലും അത്തരം പരിപാടികൾക്ക് ജനപ്രതിനിധികൾ നേതൃത്വം നൽകിയതുവഴി കുട്ടികളുടെ പ്രശ്നങ്ങൾ അവരെ അറിയിക്കാൻ സാധിച്ചു. അതിനാൽത്തന്നെ, തങ്ങളുടെ വാർഡിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ കൃത്യമായി ഇടപെട്ട് നിയമപരമായ പരിഹാരം തേടുന്നതിന് ജനപ്രതിനിധികൾക്കു കഴിയുന്നുണ്ട്.

സ്കൂൾ ഡ്രോപ്പൗട്ട് കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിനും, കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും, ബാലവേലയിൽ ഏർപ്പെട്ട കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിനും, സി. ഡി. എം. ആർ. പി മുഖേന പഞ്ചായത്ത് പരിധിയിലെ നിരവധി കുട്ടികൾക്ക് ചികിത്സയും തെറാപ്പിയും നൽകുന്നതിനും സാധിച്ചിട്ടുണ്ട്. മാത്രമല്ല, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തി തുടങ്ങിയ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി സ്കൂൾ കുട്ടികൾക്ക് വനിതാ–ശിശു വികസന വകുപ്പ് വഴി നൽകുന്ന ബോധവൽക്കരണപോസ്റ്ററുകൾ, വീഡിയോ എന്നിവ ഷെയർ ചെയ്യാനും പഞ്ചായത്ത് പരിധിയിലെ സ്കൂൾ/അങ്കണവാടി തലത്തിൽ നടപ്പാക്കാൻ സാധിക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാനും സാധിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിലെ കുട്ടികൾക്ക് വേണ്ടി നടപ്പാക്കുന്ന നൂതന പദ്ധതികളിൽ, 'അറിവകം' സമഗ്ര വിദ്യാഭ്യാസ പദ്ധതി

സംസ്ഥാനത്തെ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളിൽ ആദ്യമായിട്ടുള്ള ഒന്നായാണ് കണക്കാക്കപ്പെടുന്നത്. വിദ്യാലയങ്ങളിലെ കായിക സാക്ഷരതയുടെ കുറവ് നികത്തുന്നതിനും ശാസ്ത്രീയമായ രീതിയിൽ കുട്ടികളുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് കായിക വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്തത്. സമഗ്ര ആരോഗ്യ-കായിക പദ്ധതിയുടെ ഭാഗമായി നിലവിലെ ആരോഗ്യ-കായികക്ഷമത വിലയിരുത്തി ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ പഠനക്രമം വികസിപ്പിച്ച്, അതിലൂടെ വിദ്യാർത്ഥിയുടെ ആരോഗ്യത്തോടൊപ്പം അക്കാദമിക രംഗങ്ങളിലും സാമൂഹിക ഇടപെടലുകളിലും മാറ്റം വരുത്തുക എന്നതാണ് വിഭാവനം ചെയ്യുന്നത്.

കുട്ടികൾക്കെതിരായ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ റിപ്പോർട്ട് പ്രസിഡണ്ട് തേടുന്നു. ഗൃഹസന്ദർശനം, വ്യക്തിഗത കൗൺസലിംഗ്, ഫാമിലി കൗൺസലിംഗ്, റെഫെറൽ എന്നിങ്ങനെ വിവിധ സംവിധാനങ്ങൾ പ്രശ്നപരിഹാരത്തിനായി ഉപയോഗിക്കുന്നു. ഓരോ കേസിലും ഇടപെടലുകളുടെ കൃത്യമായ ഫോളോ അപ്പ്, ഡോക്യുമെൻറേഷൻ എന്നിവയും നടത്തുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിയമം അനുശാസിക്കുന്ന വിധത്തിൽ രഹസ്യാത്മകമായിത്തന്നെയാണ് സിറ്റിംഗ് ഉൾപ്പടെയുള്ള ഇടപെടലുകൾ നടത്തുന്നത്.

## ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

| ലക്ഷ്യങ്ങളും | പ്രവർത്തനങ്ങളും |
|---|---|
| ❖ അതിജീവനത്തിനുള്ള അവകാശം:-<br>• ഗർഭധാരണത്തിന്റെയും ജനനത്തിന്റെയും രജിസ്ട്രേഷൻ | • ഗൃഹ സന്ദർശനം<br>• ബോധവൽക്കരണ പരിപാടികൾ |

| | |
|---|---|
| • പ്രതിരോധ കുത്തിവയ്പ്പ് 100 %ത്തിൽ എത്തിയ്ക്കുക<br>• ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക.<br>• വീടുകളിലും പൊതുവിടങ്ങളിലും ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | |
| ❖ വികസനത്തിനുള്ള അവകാശം:-<br>• എല്ലാ കുട്ടികൾക്കും ആരോഗ്യവും പോഷകാഹാരവും<br>• കുട്ടിക്കാലത്തെ പരിചരണവും വിദ്യാഭ്യാസവും<br>• ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസവും സംരക്ഷണവും ഉറപ്പുവരുത്തൽ<br>• കൊഴിഞ്ഞുപോക്ക് തടയുക | • പഞ്ചായത്ത് വാർഷിക പദ്ധതിയിൽ കുട്ടികളുടെ പോഷകാഹാരത്തിന് വേണ്ടി പ്രത്യക തുക മാറ്റി വെക്കുന്നുണ്ട്.<br>• ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാമേള, സാമൂഹ്യ സുരക്ഷാ സേവനങ്ങൾ എന്നിവ നേടിക്കൊടുക്കുന്നതിനു ള്ള പദ്ധതികൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• കൗമാരക്കാരായ കുട്ടികൾക്ക് ജീവിത നൈപുണീപരിശീലന ങ്ങൾ സംഘടിപ്പിച്ചു.<br>• കുട്ടികൾക്കും അദ്ധ്യാപകർക്കും പരിശീലനം നൽകി കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും കുട്ടികളുടെ സർഗാത്മകമായ കഴിവിനെ |

| | |
|---|---|
| | പരിപോഷിപ്പിക്കുന്നതിനും സഹായിക്കുന്ന പദ്ധതിയായിട്ടാണ് അറിവകം സമഗ്രവിദ്യാഭ്യാസ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല പഠനയാത്രയും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ❖ സംരക്ഷണത്തിനുള്ള അവകാശം<br>• ബാലവിവാഹം ഇല്ലാതെയാക്കുക<br>• കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം തടയുക<br>• ശാരീരിക ഉപദ്രവം തടയുക<br>• മാതാപിതാക്കളുടെ പരിചരണമില്ലാത്ത കുട്ടികളുടെ സംരക്ഷണം<br>• കുട്ടികൾക്ക് ദോഷമുണ്ടാകുന്നതരത്തിലുള്ള അന്ധവിശ്വാസങ്ങൾക്കെതിരായ പ്രവർത്തനങ്ങൾ. | • ബാലവിവാഹം തടയുന്നതിനായി പഞ്ചായത്ത്തലത്തിൽ മതസ്ഥാപന മേധാവികളേയും മഹല്ല് കമ്മിറ്റി അംഗങ്ങളെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസുകൾ നടത്തി.<br>• മതസ്ഥാപനങ്ങളിൽ ബാലവിവാഹ നിരോധന നിയമത്തിന്റെ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചു.<br>• പ്രധാനാധ്യാപകരുടെ യോഗത്തിൽ കുട്ടികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിന് വേണ്ടി സ്കൂൾ തലത്തിൽ കുട്ടികൾക്കും, |

| | |
|---|---|
| | രക്ഷിതാക്കൾക്കും ബോധവൽക്കരണക്ലാസുകൾ നൽകി.<br>• വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ 3 വാർഡുകൾ സംയോജിച്ച് അങ്കണവാടി തലത്തിൽ കൗമാര പ്രായക്കാരായ കുട്ടികൾക്ക് പോക്സോ നിയമം, ചൈൽഡ് മാര്യേജ് ആക്ട്, ബാലനീതി നിയമം എന്നിവയിൽ ക്ലാസുകൾ നൽകി.<br>• കുട്ടികൾക്ക് വേണ്ടി പഞ്ചായത്ത്തലത്തിൽ ലഹരി ബോധവൽക്കരണപരിപാടികൾ. |
| ❖ പങ്കാളിത്തത്തിനുള്ള അവകാശം<br>• വിഷമസാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളുടെ മുഖ്യധാരാവൽക്കരണം.<br>• പദ്ധതിയാസൂത്രണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. | • പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 40 കുട്ടികൾക്ക് തായ്ക്കൊണ്ടോ പരിശീലനം. വിജയകരമായി പൂർത്തീകരിച്ചു.<br>• പഞ്ചായത്ത് പരിധിയിലെ ദുർബലരായ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും |

| | |
|---|---|
| | ലക്ഷ്യമിടുന്ന പദ്ധതിയാണിത്.<br>• കൗമാരക്കാരായ കുട്ടികളിൽ അതിക്രമങ്ങളിൽ നിന്നും സ്വയരക്ഷക്കുള്ള ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കാൻ ടി പദ്ധതിയിലൂടെ പഞ്ചായത്തിന് സാധിച്ചു.<br>• യു. പി തലത്തിൽ പഠനം നടത്തുന്ന കുട്ടികൾക്കുള്ള നീന്തൽ പരിശീലനം.<br>• കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുകയും ചെറുപ്രായത്തിൽത്ത ന്നെ സ്വയരക്ഷാമാർഗങ്ങളി ൽ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്ത് നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. |

## ഉപസംഹാരം

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തുന്ന പഞ്ചായത്താണ് താനാളൂർ ഗ്രാമപഞ്ചായത്ത്. മറ്റു വികസന പ്രശ്നങ്ങളോടൊപ്പം സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങളും പരിഹരിക്കുന്നത് പഞ്ചായത്തിന്റെ മുഖ്യ

ലക്ഷ്യങ്ങളിലുൾപ്പെടുന്നു. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി കൃത്യമായ ഇടവേളകളിൽ കൂടാൻ കഴിഞ്ഞിട്ടില്ലെങ്കിലും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ കൂടി പഞ്ചായത്തിൽ പ്രവർത്തിച്ചു തുടങ്ങിയപ്പോൾ കൂടുതൽ വേഗത്തിലും ശാസ്ത്രീയമായും കുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സംവിധാനങ്ങളുമായി നല്ലൊരു networking ഉണ്ടാക്കിയത് സമയബന്ധിതമായി പ്രശ്നങ്ങളിൽ ഇടപെടാൻ സഹായിച്ചിട്ടുണ്ട്.

## ബി – മീനങ്ങാടി ഗ്രാമപഞ്ചായത്ത്  – വയനാട്

## ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിലെ ഒരു ഗ്രാമപഞ്ചായത്താണ് മീനങ്ങാടി. വിവിധ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുവാൻ കാലാകാലങ്ങളിലായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മാറിമാറി വന്നിട്ടുള്ള ഭരണസമിതികൾ ഇക്കാര്യത്തിൽ ഏറെ ശ്രദ്ധപുലർത്തി വരുന്നതായി കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

സർക്കാർ മാർഗനിർദേശപ്രകാരം ഈ പഞ്ചായത്തിൽ ചൈൽഡ്പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിച്ചിരുന്നെങ്കിലും പിന്നീട് കൃത്യമായി യോഗങ്ങൾ ചേരാൻ സാധിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും കഴിഞ്ഞിരുന്നില്ല. എന്നാൽ 2018 ആഗസ്റ്റ് 8 ന് ഭരണസമിതിയുടെ നേതൃത്വത്തിൽ ചൈൽഡ്പ്രൊട്ടക്ഷൻ കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിനും ശ്രമിച്ചുവരുന്നുണ്ട്. അതിനുശേഷം നാളിതുവരെയായി 9 യോഗങ്ങൾ ചേരുകയും, മിനിറ്റ്സ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇടയ്ക്ക് 2018 ലും 2019 ലും ഉണ്ടായിട്ടുള്ള പ്രളയങ്ങളും തുടർന്ന് വന്ന കോവിഡും സജീവമായ പ്രവർത്തനങ്ങൾക്ക് മങ്ങലേൽപ്പിച്ചു.

എല്ലാ യോഗങ്ങളിലും ചെയർമാനും, വൈസ് ചെയർമാനും പങ്കെടുക്കുന്നത് കമ്മിറ്റിയുടെ ഗൗരവസ്വഭാവം വർദ്ധിപ്പിക്കുന്നതിനും അംഗങ്ങൾക്ക് കൂടുതൽ പ്രചോദനമാകുന്നതിനും കാരണമായിട്ടുണ്ട്. ശരാശരി 15 അംഗങ്ങളുടെ പ്രാതിനിധ്യം യോഗങ്ങളിൽ ഉണ്ടായിട്ടുള്ളതായി രേഖകളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും.

സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നില്ലെങ്കിലും 31-12-2021 ന് ചേർന്ന സിപിസിയിൽ വാർഡ്തല സിപിസി രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുകയും തീരുമാനം നടപ്പിലാക്കുകയും ചെയ്തു. 30-01-2023 ന് ചേർന്ന സിപിസി യോഗം കുട്ടികൾക്ക് അടിയന്തിരസഹായത്തിനായി പ്രത്യേക ഫണ്ട് എന്ന ആശയം മുന്നോട്ടുവെക്കുകയും നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## മീനങ്ങാടി ഗ്രാമപഞ്ചായത്ത് കുട്ടികളുടെ മേഖലയിൽ നടപ്പിലാക്കുന്ന ചില പദ്ധതികൾ

| | |
|---|---|
| 1. | വിസ്ഡം – പെൺകുട്ടികൾക്കായുള്ള ഫുട്ബോൾ കോച്ചിംഗ് |
| 2. | ജീവിതനൈപുണീവിദ്യാഭ്യാസ പദ്ധതി |
| 3. | സ്പോർട്സ് അക്കാദമി |
| 4. | സമഗ്ര സർവ്വെ (പൊതുവായത് ) |
| 5. | ഇ-ഗുരുകുലം |
| 6. | ചിം-ചൈൽഡ് ഹെൽത്ത് ഇംപ്രൂവ്മെൻറ് മിഷൻ |
| 7. | മിം – മദർ ഹെൽത്ത് ഇംപ്രൂവ്മെൻറ് മിഷൻ |
| 8. | ഹാപ്പി പേരന്റിംഗ് |
| 9. | ജീവിതമാണ് ലഹരി |
| 10. | മെൻസ്ട്രുവൽ കപ്പ് വിതരണം |

## ചിം മിം

കഴിഞ്ഞ അഞ്ചുവർഷക്കാലമായി മീനങ്ങാടി പഞ്ചായത്തിൽ നടന്നുവരുന്ന പദ്ധതിയാണ് ചിം മിം. ഗർഭാവസ്ഥയിൽ തന്നെ കുട്ടിക്കും മാതാവിനും ആവശ്യമായ പോഷകാഹാരവും ആരോഗ്യ പരിരക്ഷാസംവിധാനങ്ങളും ഒരുക്കുകയാണ് മിം പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. 12 വയസുവരെയുള്ള കുട്ടികളുടെ തൂക്കക്കുറവ് പരിഹരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് ചിം. പോഷകാഹാരവും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തി കുട്ടികൾക്ക് ആരോഗ്യപ്രദമായ ഒരു ജീവിതം ഉറപ്പുനൽകുന്ന പദ്ധതിയാണിത്.

## ഇ-ഗുരുകുലം

വിവിധ സാങ്കേതികവിദ്യകൾ വളരെയധികം വികാസം പ്രാപിച്ച ഈ കാലഘട്ടത്തിൽ അവയുടെ പ്രയോജനം അങ്കണവാടികളിലും അതിൻറെ അനുബന്ധപ്രവർത്തനങ്ങളിലും കൊണ്ടുവരേണ്ടത് അനിവാര്യമാണ്. എന്നാൽ അങ്കണവാടികൾ പരമ്പരാഗത രീതിയിലാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. കൂടാതെ പഠന സമ്പ്രദായങ്ങളിലും മറ്റും ഒരു ഏകീകൃത നിലവാരം പുലർത്താനാകുന്നില്ല എന്നതും അവയുടെ സമയാസമയ മേൽനോട്ടക്കാര്യങ്ങളിലും മറ്റും കാര്യക്ഷമത ഉറപ്പാക്കാൻ സാധിക്കുന്നില്ല എന്നതും ഒരു വസ്തുതയായി നിലനിൽക്കുന്നു. അങ്കണവാടികളിൽ നിലവിലുള്ള പരിമിതികൾ പരിഹരിച്ച്, നൂതന സാങ്കേതികവിദ്യകളുടെ പ്രയോജനങ്ങൾ ഉപയോഗിച്ച് അങ്കണവാടികൾക്കായുള്ള ഒരു സമ്പൂർണ്ണ മാതൃകാ സംയോജിത ഏകജാലക സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു.

## ഈ പ്രൊജക്റ്റ് എങ്ങനെ നൂതനമാകുന്നു

## സമ്പൂർണ്ണ മാതൃകാ സംയോജിത ഏകജാലക സംവിധാനം

- അങ്കണവാടി ജീവനക്കാരുടെയും കുട്ടികളുടെയും ഹാജർ ഓൺലൈനായി സൂക്ഷിക്കാം.
- പഠനത്തിന് ആവശ്യമായ പാഠഭാഗങ്ങൾ, ചിത്രങ്ങൾ, അമ്മൂമ്മക്കഥകൾ, വീഡിയോകൾ എന്നിവ ഏകീകൃതമായി ആവശ്യാനുസരണം ഉപയോഗപ്പെടുത്താനാകും. പുതിയ ദേശീയവിദ്യാഭ്യാസനയമനുസരിച്ച് അങ്കണവാടി, പ്ലേ സ്കൂളുകൾ, മറ്റുവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ചെലവഴിക്കുന്ന 3 വർഷത്തെ കളിയും കാര്യവും ഉൾപ്പെട്ട പ്രീസ്കൂൾ പദ്ധതിയും ഈ സംവിധാനത്തിൻറെ സവിശേഷതയാണ്.

- സർവൈലൻസ് അലാറം സംവിധാനങ്ങളിലൂടെ കുട്ടികൾ, ജീവനക്കാർ, അങ്കണവാടികളുടെ പരിസരം എന്നിവയ്ക്കുപുറമെ ആസ്തികളുടെയും സുരക്ഷിതത്വം ഉറപ്പിക്കാവുന്നതാണ്. പാനിക് അലാറം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉണ്ടാകും.
- അങ്കണവാടികൾക്കായുള്ള സ്റ്റോക്ക് ഇൻവെൻററി, മോണിറ്ററിംഗ് എന്നിവ ഓൺലൈൻ ആയി ഏതുസമയത്തും റിപ്പോർട്ട് എടുക്കാവുന്നതും കൂടാതെ സോഫ്ട്വെയർ ഉപയോഗിച്ച് ഓരോ അങ്കണവാടിയിലെയും ആഹാരസാധനങ്ങളുടെ ഉപയോഗം മനസ്സിലാക്കിക്കൊണ്ട് ആവശ്യാനുസരണം സുതാര്യമായതരത്തിൽ ഓട്ടോമാറ്റിക് ആയി സാധനങ്ങൾ ഇൻറൻറ് ചെയ്യാവുന്നതുമാണ്. കേന്ദ്ര സർക്കാരിൻറെ പുതിയ ഹെൽത്ത് കാർഡ് പോളിസി ഉപയോഗിച്ച് കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ടെലിമെഡിസിൻ സംവിധാനം ഉപയോഗിച്ച് ഡോക്ടറിൻറെ സർവ്വീസ് ഓൺലൈൻ ആയി ഉപയോഗിക്കാം. ഈ സംവിധാനത്തിൽ അടിസ്ഥാനാവശ്യങ്ങളായ ബ്ലഡ്പ്രഷർ, ഷുഗർ, ഹൃദയമിടിപ്പ് എന്നിവയുടെ പരിശോധന നടത്താവുന്നതാണ്. കുട്ടികളുടെ വൈകല്യങ്ങൾ നേരത്തെ കണ്ടെത്താനുള്ള സൗകര്യങ്ങളും ടെലിമെഡിസിൻ സേവനത്തിലുൾപ്പെടുന്നു.
- അങ്കണവാടികളുടെ ദൈനംദിന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനും സൂപ്പർവൈസർമാർക്കും കൺട്രോൾ റൂമിലും സർവൈലൻസ് ക്യാമറ വഴി അവരവരുടെ അങ്കണവാടിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും കഴിയും. സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ എല്ലാ ഓൺലൈൻ സംവിധാനങ്ങളും ഇതുവഴി ഉപയോഗിക്കാവുന്നതാണ്.

അങ്കണവാടി അധ്യാപകർ, ആയമാർ എന്നിവർക്കുള്ള ട്രെയിനിംഗ് ക്ലാസ്സുകൾ ഏകീകൃതമായി ഓൺലൈനിൽ നടത്താം.

## സിപിസി – പ്രാദേശിക പ്രശ്നങ്ങൾ, തീരുമാനങ്ങൾ, ഇടപെടലുകൾ

| | |
|---|---|
| 1. ബാലവിവാഹം | • കൗമാര ക്ലബുകളുടെ ശാക്തീകരണവും ബോധവൽക്കരണ പ്രവർത്തനവും. |
| 2. സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് | • ട്രൈബൽ പ്രൊമോട്ടർമാർ, ഊരുവിദ്യാകേന്ദ്രം എന്നിവർക്ക് നിരന്തരമായ കോളനി സന്ദർശനത്തിനുള്ള നിർദേശം.<br>• ഗോത്രസാരഥി വിപുലീകരിക്കൽ.<br>• കുടുംബ സർവ്വെ.<br>• ഐ.സി.പി.എസ്. മുഖാന്തിരം നൽകുന്ന 2000/– രൂപ സ്കോളർഷിപ്പ് അപേക്ഷ നൽകൽ. |
| 3. ലഹരി ദുരുപയോഗം | • വിദ്യാലയങ്ങളിൽ ആൻറിഡ്രൈഗ്ഗൻ ക്ലബുകൾ രൂപീകരിച്ചു.<br>• ഡി.സി.പി.യു., വിമുക്തി എന്നിവയുമായി സഹകരിച്ച് ആവശ്യമായ കൗൺസിലിങ്ങും ചികിത്സയും ഉറപ്പുവരുത്തുന്നു.<br>• പേരന്റിംഗ് ക്ലിനിക്കുകളിലേക്ക് പരമാവധി രക്ഷിതാക്കളെ റഫർ ചെയ്യുന്നു. |

| | |
|---|---|
| | • സൗജന്യ നിയമസഹായം നൽകുന്നു.<br>• കുട്ടികളുടെ ഫ്ളാഷ് മോബ് സംഘടിപ്പിച്ച്, 200 മീറ്റർ ക്യാൻവാസിൽ ചിത്രങ്ങളും മുദ്രാവാക്യങ്ങളും രേഖപ്പെടുത്തി. പഞ്ചായത്ത് പ്രസിഡണ്ടിൻറെ സാന്നിദ്ധ്യത്തിൽ സ്കൂൾ വിദ്യാർത്ഥിയാണ് ഈ പരിപാടി ഉദ്ഘാടനം ചെയ്തത്.<br>• പെയിൻറിംഗ് മത്സരം സംഘടിപ്പിച്ചു<br>• കിറ്റി ഷോ - 'ജീവിതമാണ് ലഹരി' ക്യാമ്പയിൻ സംഘടിപ്പിച്ചു.<br>• കോളനികളിൽ കുട്ടികളിൽ നിന്നുള്ള ലീഡർ മാരെ നിയോഗിച്ചു. |
| 4. ആരോഗ്യമില്ലാത്ത കുഞ്ഞുങ്ങൾ | • സുൽത്താൻ ബത്തേരിയിലെ ന്യൂട്രിഷ്യൻ ക്ലിനിക്കിലേക്ക് ഇത്തരം പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ റഫർ ചെയ്യുന്നു.<br>• അങ്കണവാടിവഴിയുള്ള പോഷകാഹാരം കുറ്റമറ്റ രീതിയിൽ നടപ്പാക്കാനുള്ള നിർദ്ദേശം നൽകി.<br>• ചിം-ചൈൽഡ് ഹെൽത്ത് ഇംപ്രൂവ്മെൻറ് മിഷൻ.<br>• മിം - മദർ ഹെൽത്ത് ഇംപ്രൂവ്മെൻറ് മിഷൻ |

| | |
|---|---|
| 5. ആരോഗ്യകരമല്ലാത്ത കുടുംബാന്തരീക്ഷം | • ഹാപ്പി പേരന്റിംഗ് പ്രൊജക്റ്റിന് 300000/- രൂപ വകയിരുത്തി.<br>• കൗൺസിലിങ്ങിന് രക്ഷിതാക്കളെ റഫർ ചെയ്തു |
| 6. ലൈംഗിക ചൂഷണം | • കൗമാര ആരോഗ്യ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി കൗമാര ക്ലബുകൾ പ്രവർത്തനം വിപുലീകരിച്ചു.<br>• ഇത്തരം കേസുകൾ ബന്ധപ്പെട്ട ഏജൻസികളിലേക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നു. |
| 7. ആത്മഹത്യ | • വിപുലമായ പ്രാദേശിക യോഗം വിളിച്ചുചേർത്തു.<br>• വിദ്യാലയങ്ങളിൽ വിദ്യാർത്ഥി ശാക്തീകരണ ക്ലാസുകൾ സംഘടിപ്പിച്ചു. |
| 8. സ്കൂളുകളിൽ കൗൺസലിങ്ങിന് ആവശ്യമായ സൗകര്യമില്ല | • സ്കൂൾ പ്രധാനാധ്യാപകനുമായി പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ സംസാരിച്ച് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തി. |

## സി- ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

## ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി

I. 22-12-22 ൽ 21 അംഗങ്ങൾ പങ്കെടുത്ത CPC മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതുവിദ്യാഭ്യാസമേഖലയിലെ കുട്ടികളുടെ പഠനവൈകല്യങ്ങൾ പരിഹരിക്കുന്നതിനായി 'മികവ്' എന്ന പദ്ധതി പഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചു.

പഠനമേഖലയുമായി ബന്ധപ്പെട്ട് കുട്ടികളിൽ കണ്ടുവരുന്ന വൈകല്യമാണ് പ്രത്യേകതരം പഠനവൈകല്യം (Specific Learning Disabilities). ശരാശരിയോ അതിനുമുകളിലോ ബുദ്ധിശക്തിയുള്ളവരാണ് പ്രത്യേകതരം പഠനവൈകല്യമുള്ള കുട്ടികൾ. ഇവർക്ക് വായന, ലേഖനം, ഗണിതം എന്നീ ശേഷികൾ ആർജ്ജിക്കുന്നതിന് പ്രയാസം നേരിടുന്നു എന്ന് മനസ്സിലാക്കി.

കുട്ടികളുടെ (പഠന) വൈകല്യങ്ങളെ തരം തിരിച്ച് തീവ്രതക്കനുസരിച്ചുള്ള പരിപോഷണം നൽകുന്നു. അമ്മമാരും അധ്യാപകരും നിരന്തരമായി കുട്ടികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ഫലപ്രാപ്തി വിലയിരുത്തുകയും ചെയ്യുന്നു.

ഉടുമ്പന്നൂർ പഞ്ചായത്തിലെ 10 അപ്പർ പ്രൈമറി സ്കൂളുകളിലെ 1236 കുട്ടികളിൽ 102 കുട്ടികളെയാണ് മികവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി വരുംവർഷങ്ങളിലും തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

1. 3-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെയുള്ള, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിലെ പ്രത്യേക പഠനവൈകല്യങ്ങളുടെ സ്വഭാവവും തീവ്രതയും തിരിച്ചറിയുക.

2. പഠനവൈകല്യമുള്ള കുട്ടികളിലെ അഭിരുചികൾ കണ്ടെത്തുക.

3. പഠനവൈകല്യമുള്ള കുട്ടികളിലെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും അതോടൊപ്പം വൈകല്യത്തിൻറെ വിഷമതകൾ കുറയ്ക്കുന്നതിനുള്ള പരിപോഷണ പാക്കേജ് വികസിപ്പിക്കുക.

4. വികസിപ്പിച്ച പാക്കേജിന്റെ ഫലപ്രാപ്തി വിലയിരുത്തുക.

## നേട്ടങ്ങൾ

- കുട്ടികളിലെ പ്രത്യേക പഠനവൈകല്യങ്ങൾ ചെറുപ്രായത്തിൽത്തന്നെ തിരിച്ചറിയാൻ മാതാപിതാക്കളെയും അധ്യാപകരെയും ഈ പഠനം സഹായിക്കുന്നു.
- കുട്ടികളിലെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിച്ച് പൊതുധാരയിലേക്ക് എത്തിക്കുന്നു.
- കുട്ടികളെ സ്വയം പര്യാപ്തരാക്കുന്നു.

3-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെയുള്ള, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന മുഴുവൻ കുട്ടികളെയും ഉൾപ്പെടുഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉടുമ്പന്നൂർ പഞ്ചായത്തിലെ 10 സ്കൂളുകൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ആർ.സി.ഐ. രജിസ്ട്രേഷനുള്ള ഒരു സൈക്കോളജിസ്റ്റിൻറെ സേവനം ഉറപ്പാക്കി. പദ്ധതിയിൽ പരാമർശിച്ചിരിക്കുന്ന ഒന്നും രണ്ടും ഘട്ടങ്ങൾ ഫെബ്രുവരിയിൽ പൂർത്തീകരിച്ചു.

II. ആദിവാസി സെറ്റിൽമെൻറുകളിലെ കുടുംബപ്രശ്നങ്ങൾ കുട്ടികളെയും ബാധിക്കുന്നു എന്ന് CPC മീറ്റിംഗിൽ മെമ്പർമാരും സ്കൂൾ കൗൺസിലറും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കൗൺസിലറും വാർഡുമെമ്പറും ചേർന്ന് അതാതു വാർഡുകളിൽ ഭവനസന്ദർശനം നടത്തുകയും കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണക്ലാസുകൾ നൽകുകയും ചെയ്തു.

പ്രശ്നബാധിതരെന്ന് കണ്ടെത്തുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും പ്രത്യേകമായി കൗൺസലിംഗ് നൽകി follow up പ്രവർത്തനങ്ങളും നടത്തിവരുന്നു.

## ഡി – തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ

## ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി

### അമ്മക്കൂട്ടം

തിരുവനന്തപുരം സിറ്റി കോർപ്പറേഷനിലെ അർബൻ I സെക്ടറിൽ കുടുംബബന്ധങ്ങൾ തകർന്ന നിരവധി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രദേശത്ത് സ്കൂൾ കൗൺസലർമാർ ഇല്ലാത്തതിനാൽ സിപിസി  അധികൃതർക്ക് ഇടപെടാനോ പ്രശ്നങ്ങൾ പരിഹരിക്കാനോ കഴിഞ്ഞില്ല. ഇപ്പോൾ അയൽ മേഖലകളിൽ നിന്നുള്ള കൗൺസലർമാരെ നിയോഗിക്കാൻ സിപിസി മുൻകൈയെടുത്തിരിക്കുകയാണ്. അതിനുശേഷം നിരവധി പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. സി.ഡി.പി.ഒ I–ന്റെ കീഴിൽ അവർ പ്രവർത്തിച്ചുതുടങ്ങിയതോടെ നിരവധി സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. ബീമാ പള്ളിയിലെ പേരന്റിംഗ് ഔട്ട്റീച്ച് സംരംഭമായ അമ്മക്കൂട്ടം അർബൻ I സെക്ടറിലെ അത്തരമൊരു സംരംഭമാണ്. ഈ സെക്ടറിനോടടുത്തുള്ള സെക്ടർ II ലെ മണക്കാട് GHSS ൽ നിന്ന് ഒരു സ്കൂൾ കൗൺസലറെ അമ്മക്കൂട്ടത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുകയാണ്. എല്ലാ മാസവും ആദ്യ ശനിയാഴ്ച പേരന്റിംഗ് ഔട്ട്റീച്ച് ക്ലിനിക്കിൽ കൗൺസലർ ഉണ്ടായിരിക്കും.

# അധ്യായം 5 – കേസ് സ്റ്റഡികൾ

## എ – മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

### കേസ് – 1

അന്ന് ഒരു അവധി ദിവസമായിരുന്നു. സമയം രാത്രി 8.30. ഒരു പെൺകുട്ടി പരിഭ്രാന്തിയോടെ ജില്ലാ വനിതാ ശിശുവികസന ആഫീസറെ ഫോണിൽ വിളിക്കുന്നു. തന്നെ രക്ഷിക്കണം അല്ലെങ്കിൽ ആത്മഹത്യ ചെയ്യും എന്നും ചുമരിലെ കലണ്ടറിൽ നിന്നാണ് ഫോൺ നമ്പർ കിട്ടിയത് എന്നും അറിയിച്ചു. നിങ്ങൾ എവിടെയാണ് എന്ന അന്വേഷണത്തിന് മറുപടിയായി ആരെയോ ഭയന്നിട്ടെന്നപോലെ പെട്ടെന്ന് വീട്ടഡ്രസ്സ് പറഞ്ഞ് ഫോൺ കട്ട് ചെയ്തു. ഉടൻ തന്നെ ജില്ലാ ആഫീസർ CDPO യെയും ബ്ലോക്ക് പ്രസിഡൻറിനെയും വിവരം അറിയിച്ചു. ലഭ്യമായ അഡ്രസ്സിൽ അന്വേഷിച്ചുവെങ്കിലും വീട് പൂട്ടികിടക്കുന്നതായി വാർഡ് മെമ്പർ അറിയിച്ചു. തുടർന്ന് ബ്ലോക്ക് പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർമാർ എന്നിവരെ വിവരം അറിയിക്കുകയും അവർ അങ്കണവാടി പ്രവർത്തകരുടെ സഹായത്തോടെ നടത്തിയ അന്വേഷണത്തിൽ ഒറ്റപ്പെട്ട ഒരു വാടക വീട്ടിൽ പൂർണ്ണഗർഭിണിയായ സ്ത്രീയെയും ഭർത്താവിനെയും രണ്ടു പിഞ്ചുകുഞ്ഞുങ്ങളെയും കണ്ടെത്തുകയും ചെയ്തു. യുവതിയോട് വിവരങ്ങൾ തിരക്കിയപ്പോൾ ഞെട്ടിയ്ക്കുന്ന കാര്യങ്ങൾ ആണ് അവരിൽ നിന്നും അറിഞ്ഞത്. ഗർഭാവസ്ഥ പുറത്തറിയാതിരിക്കാൻ ഭർത്താവ് അവരെ വീടിനു വെളിയിൽ പോകുന്നതിന് അനുവദിച്ചിരുന്നില്ലെന്നും നാളിതുവരെയും വൈദ്യപരിശോധനയ്ക്ക് വിട്ടിട്ടില്ലെന്നും യുവതി പറഞ്ഞു. ഡ്രൈവറായ ഭർത്താവ് കുഞ്ഞുങ്ങളെയും വീടിനു പുറത്തേക്ക് വിട്ടിരുന്നില്ല. ഭർത്താവിൻറെ ഗൂഢലക്ഷ്യം എന്താണെന്നുള്ള ചിന്തയും പ്രസവം അടുത്തതിൻറെ ശാരീരിക അസ്വസ്ഥതകളും മൂലം എന്തുചെയ്യണമെന്നറിയാതെ വളരെ തളർന്ന അവസ്ഥയിലാണ് യുവതി സംസാരിച്ചത്. അവർ കടുത്ത മാനസിക സംഘർഷത്തിലായിരുന്നു. ഭർത്താവ് ഒന്നും പ്രതികരിക്കാതെ നിസ്സംഗതയോടെ അവിടെയുണ്ടായിരുന്നു.

## ബാലസുരക്ഷ സമിതിയുടെ ഇടപെടൽ

- പരാതി ലഭിച്ച ദിവസം രാത്രിതന്നെ താമസസ്ഥലം കണ്ടെത്തി.
- യുവതിയോട് വിവരങ്ങൾ ചോദിച്ചറിഞ്ഞു സാഹചര്യം വിലയിരുത്തി.
- പോലീസിലും ചൈൽഡ് ലൈനിലും വിവരം അറിയിച്ചു.
- റെസ്ക്യൂ ചെയ്യുന്നതിന് CWCയ്ക്ക് കത്ത് മെയിൽ ചെയ്തു. CWCചെയർമാനെ ഫോണിൽ ബന്ധപ്പെട്ടു.
- ഒരു മണിക്കൂറിനുള്ളിൽ CWC യിൽ നിന്നുള്ള ഉത്തരവ് കൈപ്പറ്റി യുവതിയെയും കുട്ടികളെയും പന്തളം സ്നേഹിതയിൽ എത്തിച്ചു.
- ഭർത്താവിനെതിരെ പരാതിയുമായി മുൻപോട്ടുപോകുന്നതിൽ വിമുഖത കാണിച്ച യുവതിക്കും അവരുടെ ഭർത്താവിനും കൗൺസലിംഗ് ഉറപ്പുവരുത്തി ആവശ്യമായ ഫോളോ അപ്പ് നടത്തി.
- യുവതിയുടെ പ്രസവസമയത്ത് ഭർത്താവ് സഹായത്തിന് ഹോസ്പിറ്റലിൽ ഉണ്ടായിരുന്നു എന്നും പ്രസവശേഷം യുവതിയെയും കുട്ടികളെയും കൂട്ടിക്കൊണ്ടു പോയി എന്നും കമ്മിറ്റി വിലയിരുത്തി.

## കേസ് – 2

16 വയസ്സുള്ള പെൺകുട്ടിയും അമ്മയും തനിച്ച് താമസിക്കുന്ന വീട്. അച്ഛൻ അവരെ ഉപേക്ഷിച്ചു പോയതാണ്. മറ്റ് വീടുകളിൽ പണിയെടുത്താണ് ആ അമ്മ വീട് പുലർത്തിയിരുന്നത്. പത്താം ക്ലാസ്സിൽ പഠനം നിർത്തിയ മകൾ ഇടയ്ക്കൊക്കെ തയ്യൽ ക്ലാസിനു പോയിരുന്നു. കുറച്ചു നാളുകളായി അങ്കണവാടിയിലെ കൗമാരക്ലബ്ബിൽ കുട്ടി എത്തിയിരുന്നില്ല. വിവരം അന്വേഷിച്ച് അങ്കണവാടി ടീച്ചർ കുട്ടിയുടെ വീട്ടിലെത്തി. പെൺകുട്ടിയുടെ പെരുമാറ്റത്തിലും ആരോഗ്യത്തിലും മാറ്റം ശ്രദ്ധിച്ച ടീച്ചർക്ക് എന്തോ പന്തികോട് തോന്നി ആശാവർക്കറോട് വിവരം പറഞ്ഞു. അമ്മയോട് കുട്ടിയെ ആശുപത്രിയിൽ

എത്തിക്കുന്നതിന് അറിയിച്ചു. എത്ര നിർബന്ധിച്ചിട്ടും ആശുപത്രിയിൽ പോകുന്നതിന് കുട്ടി സമ്മതിച്ചില്ല. അങ്കണവാടി ടീച്ചർ CDPO യെ വിവരം അറിയിച്ചു. പെൺകുട്ടിയെ അമ്മയോടൊപ്പം ആശുപത്രിയിൽ എത്തിച്ചേ മതിയാകൂ എന്ന് CDPO ബ്ലോക്ക് പ്രസിഡൻറിനെയും വാർഡ് മെമ്പറേയും വിവരം ധരിപ്പിച്ചു.

## CPC യുടെ ഇടപെടൽ

- ബ്ലോക്ക് പ്രസിഡണ്ടും വാർഡു മെമ്പറും (ഇരുവരും വനിതകൾ) അങ്കണവാടി വർക്കറോടൊപ്പം കുട്ടിയുടെ വീട്ടിൽ സൗഹൃദ സന്ദർശനം നടത്തി.
- നയപരവും സ്നേഹപൂർവ്വവുമായ ഇടപെടലിലൂടെ പെൺകുട്ടിയെ അമ്മയോടൊപ്പം ഓട്ടോയിൽ അടുത്തുള്ള താലൂക്ക് ഹോസ്പിറ്റലിൽ എത്തിച്ചു.
- പരിശോധനയിൽ പെൺകുട്ടി 5 മാസം ഗർഭിണിയാണെന്ന് കണ്ടെത്തുകയും പോലീസ് POCSO case ചാർജ്ജ് ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തു.
- കുട്ടിയെ ക്ഷേമ സ്ഥാപനത്തിൽ എത്തിക്കുന്നതു വരെ പെൺകുട്ടിയ്ക്ക് പോഷകാഹാരവും കൗൺസലിങ്ങും ഉറപ്പ് വരുത്തി.

## കേസ് – 3

അങ്കണവാടി ടീച്ചറിന് ഏരിയായിലെ ഒരു സ്ത്രീയുടെ ഫോൺകാൾ വരുന്നു. 15 വർഷമായി കുട്ടികളില്ലാത്ത ദമ്പതികളുടെ വീട്ടിൽ നിന്നും ഒരു പിഞ്ചുകുഞ്ഞിൻറെ നിർത്താതെയുള്ള കരച്ചിൽ കേൾക്കുന്നു എന്ന് അവർ അറിയിച്ചു. ഉടൻ തന്നെ ടീച്ചർ അങ്കണവാടിയിൽ നിന്നും ആ സ്ത്രീ പറഞ്ഞ വീട്ടിലേക്ക് നടന്നു. ആ വീട്ടിൽ ചൈൽഡ് ബർത്ത് ഉള്ളതായി അറിവില്ലല്ലോ എന്ന് ടീച്ചർ ഓർത്തു. അവിടെ എത്തിയപ്പോൾ കണ്ടത് ജനിച്ചു ദിവസങ്ങൾ മാത്രം പ്രായമുള്ള കുഞ്ഞിനെയും എടുത്ത് കരച്ചിലടക്കാൻ പാൽ സ്പൂണിൽ കോരിനൽകാൻ ശ്രമിക്കുന്ന ദമ്പതികളെയാണ്. കുഞ്ഞ്

ഏതാണ് എന്നു ചോദിച്ചപ്പോൾ തങ്ങൾക്ക് വളർത്താൻ കിട്ടിയതാണ് എന്ന് അവർ അറിയിച്ചു. നിയമപരമായി ലഭിച്ച കുട്ടിയല്ല എന്ന് മനസ്സിലാക്കിയ അങ്കണവാടി വർക്കർ വിവരം വാർഡുമെമ്പറേയും CDPO യെയും അറിയിച്ചു. അപ്പോഴേക്കും ആശാവർക്കറും അവിടെ എത്തി.

## CPC യുടെ ഇടപെടൽ

- അങ്കണവാടി ടീച്ചറിനെയും ആശാവർക്കറിനെയും കുഞ്ഞിനെ പരിപാലിച്ച് അവിടെ നില്ക്കുന്നതിന് ചുമതലപ്പെടുത്തി.
- അധികം താമസിയാതെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് , വാർഡുമെമ്പർ, സൂപ്പർവൈസർ, CDPO എന്നിവർ വീട്ടിലെത്തി കുഞ്ഞിനെ കണ്ട് ദമ്പതികളോട് വിവരങ്ങൾ തിരക്കി.
- CWC യെയും ചൈൽഡ് ലൈൻ കോർഡിനേറ്ററെയും വിവരം അറിയിച്ചു.
- ആശാ വർക്കറോടൊപ്പം കുഞ്ഞിനെ PHCയിൽ വൈദ്യപരിശോധനയ്ക്ക് എത്തിച്ചു.
- നിയമവശങ്ങളുടെ അറിവില്ലായ്മയും ഒരു കുഞ്ഞിനെ വളർത്താനുള്ള ആഗ്രഹവും കൊണ്ട് ചെയ്തതാണെന്ന് വിലപിച്ച ദമ്പതികളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി.
- ഉടൻ തന്നെ കുഞ്ഞിനെ CWC യ്ക്ക് മുൻപാകെ എത്തിക്കുന്നതിന് ദമ്പതികൾക്ക് നിർദേശം നൽകി.
- അവരോടൊപ്പം പോകുന്നതിന് അങ്കണവാടി വർക്കറെ ചുമതലപ്പെടുത്തി
- കുഞ്ഞിനെ CWC യ്ക്ക് സറണ്ടർ ചെയ്തു എന്ന് ഉറപ്പുവരുത്തി.

## ബി – അയ്യനം ഗ്രാമപഞ്ചായത്ത്

## വികസനാവകാശ വെല്ലുവിളി നേരിട്ട മായ എന്ന കുട്ടിയുടെ കൂടെ

കുട്ടികൾ പൂമ്പാറ്റകളെപ്പോലെ പാറിനടക്കുന്ന സ്കൂളിന്റെ മുറ്റത്തേക്ക് മെല്ലെ നടന്നുചെല്ലുമ്പോൾ പ്രധാനാധ്യാപിക പുഞ്ചിരിയോടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. മുഖവുരയില്ലാതെ ടീച്ചർ പറഞ്ഞു: "അതാണ് കുട്ടി. സൗമ്യയാണ്, ആരോടും സംസാരിക്കില്ല. മായ എന്നാണ് പേര്. ക്ലാസ്റൂമിന്റെ മുന്നിലുള്ള തൂണിന് മറവിൽ നിൽക്കുന്ന കുട്ടി. ചുറ്റും ഓടിനടക്കുന്ന സഹപാഠികൾ അവളെ ബാധിക്കുന്നില്ല. ആ കണ്ണുകളിൽ നേരിയ ഭീതി കാണുന്നുണ്ടായിരുന്നു.

പഞ്ചായത്തുപ്രസിഡണ്ടിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിച്ചു. അതനുസരിച്ച്, 'മായ', അച്ഛൻ, അമ്മ, അനിയത്തി എന്നിവരടങ്ങുന്ന കൊച്ച് കുടുംബമായിരുന്നു അവരുടേത്. വീട്ടിൽ അച്ഛനും അമ്മയും തമ്മിൽ വഴക്കായിരുന്നു. അച്ഛനെയായിരുന്നു മായയ്ക്ക് ഏറ്റവും ഇഷ്ടം. അമ്മയോട് താല്പര്യമില്ലായിരുന്നു. അനിയത്തിയെയും വളരെ ഇഷ്ടമായിരുന്നു. വീട്ടിലെ സ്ഥിരം വഴക്ക് മായയേ ഉൾവലിയുന്ന വ്യക്തിയാക്കി മാറ്റി. മൂന്നുമാസം മുമ്പ് അച്ഛൻ മരിച്ചു. അച്ഛന്റെ മരണം അവളെ തകർത്തു. എന്ത് ചെയ്യണം എന്നറിയില്ല, ഒന്നിലും താൽപര്യമില്ല, അമ്മയുടെ കരുതൽ വേണ്ടവിധം ലഭിക്കുന്നുമില്ല.

കുടുംബപശ്ചാത്തലം മുതൽ സ്കൂളിൽനിന്നുള്ള കരുതലിന്റെ ആഴംവരെ എങ്ങനെയാണ് ഒരു കുട്ടിയുടെ വികസനാവകാശത്തെ ബാധിക്കുന്നത് എന്നത് വലിയ തിരിച്ചറിവായിരുന്നു.

**ഇടപെടലിന്റെ ലഘു കുറിപ്പ്:** ബഹു. പ്രസിഡണ്ടിനെ വിവരം ധരിപ്പിക്കുകയും പ്രധാനാധ്യാപികയോട് സംസാരിച്ചു ധാരണയിലെത്തുകയും ചെയ്തതിനെത്തുടർന്ന് കുട്ടിയുമായി സമയം ചെലവഴിച്ചു. ഒന്നിച്ച് ചായ കുടിച്ചു. രണ്ടാമത്തെ

കണ്ടുമുട്ടലിൽ സാവധാനം അവൾ മനസ്സ് തുറന്നു. ചിത്രം വരച്ച് മായ അവളുടെ കാര്യങ്ങൾ പങ്കുവച്ചു.

– അവളുടെ പ്രിയപ്പെട്ട അച്ഛൻ കടന്നുപോയി.

– അവൾക്ക് എറ്റവും പ്രീയപ്പെട്ടവൾ അനിയത്തിയാണ്.

– അമ്മയോട് ദേഷ്യമില്ല.

– വ്യക്തിശുചിത്വമില്ലായ്മ അവളെ ബാധിക്കുന്നില്ല.

– അമ്മ കാര്യമായി ശ്രദ്ധിക്കാറില്ല.

– പഠിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. പഠനത്തിന് കൂടുതൽ സഹായം ആവശ്യമുണ്ട്.

# മായയ്ക്ക് ആത്മവിശ്വാസം നൽകുന്ന കാര്യങ്ങൾ പറഞ്ഞുകൊടുത്തു.

# മായുടെ അമ്മയുമായി സംസാരിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തി ചെയ്യേണ്ട കാര്യങ്ങൾ ധരിപ്പിച്ചു.

# സ്കൂളിൽ പ്രധാനാധ്യാപിക, ക്ലാസ്സ്ടീച്ചർ എന്നിവരോട് ചർച്ച് ചെയ്ത് സ്കൂൾതലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ തീരുമാനിച്ചു.

# മായയുടെ ഒരേയൊരു കൂട്ടുകാരിയുമായി സംസാരിച്ച് മായയെ സജീവമാക്കാൻ കുട്ടുകാരി എന്തു ചെയ്യണം എന്ന് പറഞ്ഞു കൊടുത്തു.

# രണ്ടു മാസം കഴിഞ്ഞ് അവലോകനം നടത്തുവാനും തീരുമാനിച്ചു

# ഇത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി CPCക്ക് നൽകുവാൻ പ്രസിഡണ്ട് നിർദ്ദേശിച്ചു.

## സി – തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ

## കേസ് സ്റ്റഡി

ഒരു കുടുംബബന്ധം തകർന്നതായി ക്ലിനിക്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. നിയമപരമായി വിവാഹം കഴിച്ചിട്ടില്ലാത്ത യുവതി രണ്ട് കുട്ടികൾക്ക് ജന്മം നൽകി. ഇപ്പോൾ 9 ഉം 6 ഉം വയസ്സുള്ള രണ്ട് ആൺകുട്ടികൾ അടുത്തുള്ള സ്കൂളിൽ നാലാം തരത്തിലും ഒന്നാം തരത്തിലും പഠിക്കുന്നു. ആദ്യ പങ്കാളിയിൽ നിന്ന് വേർപിരിഞ്ഞ യുവതി മറ്റൊരു പുരുഷനൊപ്പം ജീവിക്കാൻ തീരുമാനിച്ചു. വർഷങ്ങളോളം ഒരുമിച്ച് ജീവിച്ച അവർ ഇപ്പോൾ വേർപിരിഞ്ഞു. രണ്ട് കുട്ടികളും ഇപ്പോൾ അമ്മയോടൊപ്പമാണ് താമസിക്കുന്നത്. രണ്ട് പേരുടെയും പിതാവല്ലെങ്കിലും കുട്ടികളെ കാണാനും ഇടപഴകാനും അനുവദിക്കണമെന്ന് അമ്മക്കൂട്ടത്തിൽ അയാൾ പരാതി നൽകി. എന്നാൽ കുട്ടികളെ കാണാൻ യുവതി അനുവദിച്ചില്ല. പരാതിയിൽ ഉൾപ്പെട്ട മുതിർന്നവർ നിയമപരമായി വിവാഹിതരല്ലാത്തതിനാൽ സിപിസിക്ക് മുമ്പാകെ ഇത് ഒരു വിഷമകരമായ പ്രശ്നമായി. നിയമപരമായി വേർപിരിയാൻ കഴിഞ്ഞില്ലെങ്കിലും വർഷങ്ങളോളം അവർ ഒരുമിച്ച് ജീവിച്ച് മക്കളെ വളർത്തി. അതിനാൽ, പുരുഷ പങ്കാളിയുടെ ആവശ്യം (അവകാശവാദമല്ല) സിപിസിക്ക് നിരസിക്കാൻ കഴിയുമായിരുന്നില്ല. അമ്മക്കൂട്ടവുമായോ കൗൺസിലറുമായോ സ്ത്രീ ചർച്ചയ്ക്ക് തയാറായില്ല. എന്നിരുന്നാലും, നിയമപരമായ നടപടിക്രമങ്ങൾ പാലിച്ച് പങ്കാളിയുടെ ആവശ്യം പരിഹരിക്കാൻ അവർ തയാറായി. ഇപ്പോൾ അമ്മയുമായുള്ള ചർച്ചകൾക്ക് ഒരു മധ്യസ്ഥനെ ഏർപ്പെടുത്താൻ ഡിസിപിഒയ്ക്ക് സിപിസി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ ചർച്ചകൾക്കായി അവർ അവരുടെ ബന്ധുക്കളിൽ ഒരാളെ കണ്ടെത്തിയിട്ടുണ്ട്.

### തടസ്സങ്ങൾ മറികടക്കാൻ

കൗൺസിലറെ ബന്ധപ്പെട്ടപ്പോൾ അമ്മക്കൂട്ടം സംരംഭം പ്രവർത്തനം തുടങ്ങിയിട്ടേയുള്ളൂവെന്ന് അവർ അറിയിച്ചു.

ഓഫീസോ സ്ഥിരമായ വിലാസമോ ഇല്ലാതെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അമ്മക്കൂട്ടത്തിന് സ്ഥലം വിട്ടുനൽകാൻ ബീമാപള്ളിയിലെ അങ്കണവാടിക്ക് സിഡിപിഒ നിർദേശം നൽകിയിട്ടുണ്ട്. ഡിസിപിഒ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കും. അത്യാവശ്യഘട്ടങ്ങളിൽ ബന്ധപ്പെടേണ്ടവരുടെ ഫോൺ നമ്പർ കാണിക്കുന്ന ഒരു ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കണം. ഈ പരിമിതികൾക്കിടയിലും കൗൺസിലർ ചുറ്റുമുള്ള ആളുകൾക്ക് മൂന്ന് ബോധവൽക്കരണ ക്ലാസുകൾ നൽകി. ഔദ്യോഗിക സംവിധാനവുമായി ഇടപെടുന്നതിൽ ആളുകൾക്ക് താല്പര്യം കുറവാണെന്നും അതിനാൽത്തന്നെ അവരുടെ മനസ്സ് തുറക്കാൻ മടിക്കുന്നുവെന്നുമാണ് അനുഭവം.
പ്രദേശവാസികൾക്ക് നിലവിലുള്ള ബാലാവകാശ സംരക്ഷണ സംവിധാനങ്ങളിൽ വിശ്വാസം വളർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ കൗൺസിലർ ആരംഭിച്ചു. കുട്ടികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും വേണ്ടിയാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. പൊതുജനങ്ങൾക്കിടയിൽ ആത്മവിശ്വാസം വളർത്തുക എന്ന ലക്ഷ്യത്തോടെ സമൂഹമനസിലുള്ള കളങ്കങ്ങൾ മറികടക്കാനുള്ള പ്രവർത്തനങ്ങളിലേർപ്പെടാൻ സിപിസി ഉദ്ദേശിക്കുന്നു.

## ഡി – അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

## കേസ് സ്റ്റഡി

16, 14, 12 വയസ്സുവീതമുള്ള മൂന്ന് കുട്ടികളുടെ കേസ് അഞ്ചെങ്കോയിലെ വാർഡുതല ശിശു സംരക്ഷണ സമിതിയിൽ റിപ്പോർട്ട് ചെയ്തു. കുട്ടികളുടെ അമ്മ ആത്മഹത്യ ചെയ്തതിനെത്തുടർന്ന് അവർ ഇപ്പോൾ മുത്തശ്ശിക്കൊപ്പം താമസിക്കുന്നു. അവരുടെ പിതാവ് അവരെ ഉപേക്ഷിച്ചു. തിരുവനന്തപുരത്തെ ചൈൽഡ്ലൈനുമായി സഹകരിച്ച് ഡബ്ല്യുസിപിസി രൂപീകരിക്കുകയും ചൈൽഡ് ലൈനും അഞ്ചെങ്കോയിലെ ഡബ്ല്യുസിപിസികളും തമ്മിൽ നല്ല ബന്ധം നിലനിൽക്കുകയും ചെയ്യുന്നതിനാൽ വാർഡ് സിപിസി ചെയർപേഴ്സൺ ചൈൽഡ് ലൈനെ വിവരമറിയിച്ചു. നിത്യച്ചെലവിനുപോലും ബുദ്ധിമുട്ടുള്ളത്രയും ദരിദ്രമായ ചുറ്റുപാടിലാണ് കുട്ടികൾ എന്നറിഞ്ഞതിനെത്തുടർന്ന് ചൈൽഡ് ലൈൻ പ്രവർത്തകർ നേരിട്ടെത്തി. കുട്ടികളുടെ പിതാവ് ചെലവിന് പണം നൽകുന്നില്ലെന്നും അവർ ബന്ധുക്കളുടെ കാരുണ്യത്തിലാണ് കഴിയുന്നതെന്നും ഇപ്പോൾ കോവിഡ് സാഹചര്യം അവസാനിച്ചിട്ടില്ലാത്തതിനാൽ ബന്ധുക്കളിൽ നിന്ന് സഹായമൊന്നും ലഭിക്കുന്നില്ലെന്നും കുട്ടികളുടെ മുത്തശ്ശി പറഞ്ഞു.

ചൈൽഡ് ലൈൻ പ്രവർത്തകരും സി.പി.സി അംഗങ്ങളും കുട്ടികൾക്കുള്ള സാധനങ്ങൾ ഉടൻ ക്രമീകരിക്കുകയും കുട്ടികളുടെ അവസ്ഥ വിവരിച്ചുകൊണ്ട് വിശദമായ റിപ്പോർട്ട് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന് നൽകുകയും കുട്ടികളുടെ പോഷണവും സംരക്ഷണവും ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ അവരോട് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് കുട്ടികൾക്ക് പിതാവിൽ നിന്ന് ജീവനാംശം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിക്ക് വിവരം കൈമാറി. കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് സ്വീകരിച്ചുവരികയാണ്. പിതാവിൽ നിന്ന് ജീവനാംശം

ലഭിക്കുന്നതിന് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി അത്യാവശ്യ നടപടികൾ സ്വീകരിച്ചുവരികയാണ്. കേസിന്മേലുള്ള തുടർനടപടികൾ മുന്നോട്ടു പോകുന്നുണ്ട്. പഞ്ചായത്താണ് നിലവിൽ ആ കുട്ടികളെ സംരക്ഷിക്കുന്നത്.

# അധ്യായം 6 – പഠന റിപ്പോർട്ട് പരിസമാപ്തി

ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തന മോണിറ്ററിംഗ്

ചൈൽഡ്പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് നിർദ്ദിഷ്ടമായ ഒരു രീതിയുടെ അപര്യാപ്തത ബെസ്റ്റ് പ്രാക്ടീസ് ഡോക്യുമെന്റേഷനുവേണ്ടി പ്രവർത്തിച്ച വിദഗ്ധ അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് വാസ്തവമാണെന്ന് തുടർന്നുണ്ടായ റിവ്യൂ മീറ്റിങ്ങുകളിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥപ്രതിനിധികളും ഒരുപോലെ അംഗീകരിക്കുകയും അതിനായി ചില നിർദ്ദേശങ്ങൾ നൽകയുമുണ്ടായി. ഈ സാഹചര്യത്തിലാണ് സി.പി.സി മോണിറ്ററിംഗ് എപ്രകാരം നടത്താം എന്നത് സംബന്ധിച്ച ഒരു നിർദ്ദേശം ഈ പുസ്തകത്തിൻറെ അവസാന ഭാഗത്ത് നൽകുന്നത് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകമാകുമെന്നുമുള്ള നിഗമനത്തിലെത്തുവാൻ കാരണമായത്. നിലവിൽ ജില്ലാതലത്തിൽ റിപ്പോർട്ട് ശേഖരണം ഔദ്യോഗിക മോണിറ്ററിംഗിന് വിധേയമാകുന്നുണ്ടെങ്കിലും ഇതുമൂലം പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന് പ്രാപ്തമാകുന്ന തലത്തിലേക്കെത്തിയിട്ടില്ല. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും മോണിറ്ററിംഗ് സംവിധാനത്തിലേക്ക് എത്തിച്ചേരേണ്ടതിന്റെ പ്രാധാന്യം ഇത് വ്യക്തമാക്കുന്നു.ഏത് പ്രവർത്തന മേഖലയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും അവ ലക്ഷ്യത്തിലെത്തുന്നതിന് സ്വീകരിക്കേണ്ട മാർഗങ്ങൾ എന്താണെന്നും പരിശോധിച്ച് സത്വരപരിഹാരമാർഗ്ഗങ്ങൾ തീരുമാനിക്കുന്ന പ്രക്രിയയാണ് മോണിറ്ററിംഗ് എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. പലപ്പോഴും ചൈൽഡ് പ്രൊട്ടക്ഷൻ സമിതി പ്രവർത്തനം കേവലം മീറ്റിങ്ങുകളിൽ മാത്രം ഒതുങ്ങുന്നുവെന്നതിനാൽത്തന്നെ ഈ സംവിധാനത്തിന്റെ പ്രാധാന്യം ശ്രദ്ധിക്കപ്പെടാതെ പോകുന്നതായി കാണാം .ഈ മാതൃകാ പ്രവർത്തനപഠനം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ കുട്ടികൾക്കായുള്ള ഏജൻസികളുമായും സംയോജിത

പ്രവർത്തനങ്ങളിലേർപ്പെട്ടുകയും സ്കീമുകളും ബന്ധപ്പെട്ട വകുപ്പുകളും ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയോജിത പ്രൊജക്ടുകളും പ്രവർത്തനങ്ങളും ആവിഷ്കരിക്കുകയും ചെയ്താൽ മാത്രമെ ബാലസുരക്ഷ കുട്ടികൾക്കും സമൂഹത്തിനും അനുഭവവേദ്യമാകൂ.

സമിതിയുടെ പ്രവർത്തനങ്ങൾ നിലവിലുള്ള സംവിധാനത്തിൽ– ബ്ലോക്ക് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ഗ്രാമ പഞ്ചായത്ത് സമിതികളെയും, ജില്ലാതലസമിതി ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗരസഭ തുടങ്ങിയവയുടെ സിപിഎസി കളെയും മോണിറ്റർ ചെയ്യുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെട്ടുത്തേണ്ടത് അനിവാര്യമായിട്ടുണ്ട്. ഇത് ഒരു ഓഡിറ്റോ മേൽനോട്ടമോ അല്ല, മറിച്ച് ബാലസുരക്ഷ ഉറപ്പാക്കൽ പ്രക്രിയയുടെ ഫലപ്രാപ്തി വർധിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്. ഇതിന് ആവശ്യമായ വളരെ ലളിതമായ ഒരു ഫോർമാറ്റ് ഇവിടെ നിർദ്ദേശിക്കുന്നു. ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഫോർമാറ്റ് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും സി പി സി മോണിറ്ററിങ്ങിനായി പ്രയോജന പെടുത്താവുന്നതാണ്.

## സി.പി.സി. മോണിറ്ററിംഗ് /റിപ്പോർട്ടിംഗ് ഫോർമാറ്റ്

തദ്ദേശസ്വയംഭരണ സ്ഥാപനം ____________________

സാമ്പത്തിക വർഷം ____________________

| ക്രമ നം: | സ്ഥിതിവിവിവരം | പാദം (Quarter) | | | | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|---|---|
| | | പ്രഥമം | ദ്വിതീയം | തൃതീയം | ചതുർദശം | |
| 1 | നടത്തപ്പെട്ട സിപിസി മീറ്റിങ്ങുകളിൽ പങ്കെടുത്ത അംഗങ്ങളുടെ എണ്ണം | | | | | |
| 2 | കാര്യപരിപാടി തയ്യാറാക്കിയിരുന്നോ? (ഉണ്ട്/ഇല്ല) | | | | | |
| 3 | കാര്യപരിപാടി തയ്യാറാക്കുന്നതിന് തദ്ദേശസ്ഥാപനത്തിലെ ബാല സുരക്ഷ പൊതു സ്ഥിതി പരിശോധിച്ചോ ? (ഉണ്ട്/ഇല്ല) | | | | | |
| 4 | മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 5 | സമിതി പരിഗണിച്ച ബാല സുരക്ഷയുമായി ബന്ധപ്പെട്ട പരാതികളുടെ എണ്ണം | | | | | |
| 6 | കുട്ടികളെ സംബന്ധിച്ച പഞ്ചായത്ത് ഡാറ്റ ബേസ് ലഭ്യമാണോ? (ഉണ്ട്/ഇല്ല) | | | | | |
| 7 | കുട്ടികളെ സംബന്ധിച്ച പഞ്ചായത്ത് ഡാറ്റ ബേസ് കാലാനുസൃതമായി പുതുക്കിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | | | | | |
| 8 | ബാലവിവാഹം - റിപ്പോർട്ട് ചെയ്യപ്പെട്ടവയുടെ എണ്ണം | | | | | |
| 9 | ബാലവേല- റിപ്പോർട്ട് ചെയ്യപ്പെട്ടവയുടെ എണ്ണം | | | | | |
| 10 | കാണാതായ കുട്ടികളുടെ എണ്ണം | | | | | |
| 11 | കുട്ടികൾക്കെതിരെ ആക്രമണങ്ങൾ- റിപ്പോർട്ട് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ചെയ്യപ്പെട്ടവയുടെ എണ്ണം | | | | | |
| 12 | കുട്ടികളുടെ അപകട മരണങ്ങൾ- റിപ്പോർട്ട് ചെയ്യപ്പെട്ടവയുടെ എണ്ണം | | | | | |
| 13 | കുട്ടികളുമായി ബന്ധപ്പെട്ട ലഹരി ദുരുപയോഗ കേസുകൾ - റിപ്പോർട്ട് ചെയ്യപ്പെട്ടവയുടെ എണ്ണം | | | | | |
| 14 | കുട്ടികൾക്കെതിരായ സൈബർ കേസുകൾ- റിപ്പോർട്ട് ചെയ്യപ്പെട്ടവയുടെ എണ്ണം | | | | | |
| 15 | കുട്ടികൾക്കെതിരായ ലൈംഗിക പീഡന കേസുകൾ- റിപ്പോർട്ട് ചെയ്യപ്പെട്ടവയുടെ എണ്ണം | | | | | |
| 16 | ബാലകേന്ദ്രീകൃത സ്ഥാപനങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതികകളുടെ എണ്ണം | | | | | |
| 17 | പ്രവർത്തനക്ഷമമായ വാർഡ് തല | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | സമിതികളു ടെ എണ്ണം | | | | | |
| 18 | തദ്ദേശസ്ഥാ പന മേഖലയിൽ സംരക്ഷണ സ്ഥാപനങ്ങ ളിൽ കഴിയുന്ന കുട്ടികളുടെ എണ്ണം | | | | | |
| 19 | തിരികെ കുടുംബാന്ത രീക്ഷത്തിൽ എത്തിക്കാൻ കഴിഞ്ഞ കുട്ടികളുടെ എണ്ണം | | | | | |
| **വിശദമായി എഴുതേണ്ടവ** | | | | | | |
| 20 | സമിതി വിലയിരുത്തിയ പ്രശ്നങ്ങളുടെ പരിഹാരത്തിനായി സ്വീകരിച്ച മാർഗങ്ങൾ | | | | | |
| a. | ഒന്നാം പാദം | | | | | |
| b. | രണ്ടാം പാദം | | | | | |
| c. | മൂന്നാം പാദം | | | | | |
| d. | നാലാം പാദം | | | | | |
| 21 | സംഘടിപ്പിക്കുകയോ ഭാഗമാക്കുകയോ ചെയ്ത ബോധവൽക്കരണ ക്ലാസ്സുകൾ | | | | | |
| a. | ഒന്നാം പാദം | | | | | |
| b. | രണ്ടാം പാദം | | | | | |
| c. | മൂന്നാം പാദം | | | | | |

| | | |
|---|---|---|
| d. | നാലാം പാദം | |
| 22 | വൾണറബിലിറ്റി മാപ്പിങ്ങിൽ കണ്ടെത്തിയ കുട്ടികൾക്കായി സ്വീകരിച്ച ഇടപെടലുകൾ | |
| a. | ഒന്നാം പാദം | |
| b. | രണ്ടാം പാദം | |
| c. | മൂന്നാം പാദം | |
| d. | നാലാം പാദം | |
| 23 | തദ്ദേശസ്ഥാപനം അംഗീകരിച്ച ബാലസുരക്ഷാ പ്രോജക്ടുകളുടെ അവസ്ഥ – പുരോഗതി | |
| a. | ഒന്നാം പാദം | |
| b. | രണ്ടാം പാദം | |
| c. | മൂന്നാം പാദം | |
| d. | നാലാം പാദം | |
| 24 | എസ് ഡി ജി ഡാഷ്ബോർഡിൽ ഈ മേഖലയിലെ പ്രതിലോമ സൂചകങ്ങൾ – പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ | |
| a. | ഒന്നാം പാദം | |
| b. | രണ്ടാം പാദം | |
| c. | മൂന്നാം പാദം | |

| | | |
|---|---|---|
| d. | നാലാം പാദം | |
| 25 | തദ്ദേശസ്ഥാപനത്തിന്റേതായി കുട്ടികൾക്കായി നടപ്പാക്കി വരുന്ന പ്രത്യേക പദ്ധതികൾ | |
| a. | ഒന്നാം പാദം | |
| b. | രണ്ടാം പാദം | |
| c. | മൂന്നാം പാദം | |
| d. | നാലാം പാദം | |

ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾക്ക് ഓരോ വർഷവും വാർഷിക റിപ്പോർട്ടായി നൽകുവാൻ ഈ ഫോർമാറ്റ് മതിയാകും. ഇത് സ്വയം വിമർശനത്തിനും പ്രവർത്തന വിപുലീകരണത്തിനും ഏറെ സഹായകമാകും.

* പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം: റിമാർക്സ് കോളത്തിൽ വിശദീകരണവും കൂടുതൽ ഡാറ്റയും ചേർത്താൽ മാത്രമെ ഇതിന്റെ പ്രയോജനം ഉറപ്പുവരുത്താനാകൂ.

* വൾണറബിലിറ്റി മാപ്പിംഗ് വളരെ പ്രധാനപ്പെട്ട ഒന്നാണെന്നും ഇതുവഴി ശ്രദ്ധിക്കപ്പെട്ട കുട്ടികളുടെ പ്രശ്നങ്ങൾ ഓരോന്നും ശ്രദ്ധാപൂർവ്വം പരിഹരിക്കപ്പെടുന്നതിനുള്ള പുനരധിവാസാസൂത്രണം (Rehabilitation plan) പ്രധാന ലക്ഷ്യമായി മാറേണ്ടതാണെന്നും പഠനംനിർദ്ദേശിക്കുന്നു. വിദ്യാർത്ഥികളുടെയും സന്നദ്ധസംഘടനകളുടെയും സഹായം ഇക്കാര്യത്തിൽ വളരെ ഉപകാരപ്രദമായിരിക്കും

*മോണിറ്ററിംഗ് ഓരോ തദ്ദേശസ്ഥാപനവും അവരുടെ ചുമതലയും ആവശ്യവുമായി കണക്കാക്കിയാൽ മാത്രമേ സമിതി

പ്രവർത്തനങ്ങൾ തിട്ടപ്പെടുത്തുന്നതിനും ശാക്തീകരിക്കുന്നതിനും സാധ്യമാകും.

* മുൻപ് അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു പ്രത്യേകാവസ്ഥ അണുകുടുംബ വ്യവസ്ഥിതിയുടെ പരിമിതികൾ ആയി മാറിക്കൊണ്ടിരിക്കുന്നത് ശ്രദ്ധിക്കാതെ വയ്യ. അവ ഓരോന്നും എന്തെല്ലാമാണെന്ന് താഴെ പറയുന്നു .

**ശ്രദ്ധിക്കപെട്ട സംഗതികൾ**

+ ലഘുവായ കുടുംബപ്രശ്നങ്ങൾ പോലും ധാരണക്കുറവുകൾ മൂലം കുടുംബപ്രതിസന്ധിയിലേക്ക് നീങ്ങുകയും അവ കുട്ടികളെ കാര്യമായി ബാധിക്കുകയും ചെയ്യുന്നു.

+ നല്ല രക്ഷാകർതൃത്വം ബോധ്യപ്പെടാത്ത അവസ്ഥ കുടുംബങ്ങളിലെ കുട്ടികളെ പലരംഗങ്ങളിലും പരാജിതരാക്കുന്നു.

+ കുടുംബത്തിലെ മുതിർന്ന പൗരന്മാരുടെയും ഭിന്നശേഷിക്കാരുടെയും പാലിയേറ്റീവ് രോഗികളുടെയും വർദ്ധിതമായ പരിരക്ഷണ പ്രശ്നങ്ങൾ കുട്ടികളെ ഏതങ്കിലും തരത്തിൽ ബാധിക്കുന്നുണ്ടോ എന്നു തിരിച്ചറിയണം.

+ വൈവാഹികഛിദ്രതയും വിവാഹമോചന പ്രശ്നങ്ങളും ഏറെ ബാധിക്കുന്നത് കുട്ടികളെത്തന്നെയാണ്.

+ സമൂഹത്തിൽ വ്യപകമായിക്കൊണ്ടിരിക്കുന്ന ലഹരി ദുരുപയോഗങ്ങളിലേക്കും സൈബർ കുറ്റകൃത്യങ്ങളിലേക്കും കുട്ടികൾ ആകൃഷ്ടരാകുന്നത് ഗുരുതരപ്രശ്നങ്ങളിലേക്ക് അവരെ തള്ളിവിടുന്നു.

+ പട്ടികവർഗ്ഗ മേഖലകളിലെ വികസനപ്രശ്നങ്ങളും സാമൂഹ്യമായ പിന്നോട്ടടികളും വളരെ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

+ദരിദ്ര ആവാസാവസ്ഥകളിൽ പ്രത്യക്ഷപ്പെടുന്ന ബാലാവകാശലംഘനങ്ങൾ പ്രതിരോധിക്കുന്നതിന് പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

+ മനുഷ്യരുടെ ആരോഗ്യകരമായ സന്തുഷ്ട ജീവിതത്തിന് അനിവാര്യമായ ശൗചാലയ സംവിധാനങ്ങൾ ശുദ്ധജല-ശുചിത്വ ലഭ്യത പ്രശ്നങ്ങൾ തുടങ്ങിയവയും കണക്കിലെടുക്കേണ്ടതാണ്.

+ പെൺകുട്ടികളുടെ പ്രത്യേക ശുചിത്വാവശ്യ സൗകര്യങ്ങളുടെ അഭാവം കുടുംബങ്ങളിലും പൊതുവിടങ്ങളിലും വിദ്യാലയങ്ങളിലും ഇന്നും പ്രശ്നമായി നിലനിൽക്കുന്നു.

+ സുസ്ഥിരവികാസ ലക്ഷ്യങ്ങളിൽ പിന്നിലായിപ്പോകുന്ന സൂചകങ്ങൾ ഏറ്റവും അധികം ബാധിക്കുന്നത് കുട്ടികളെത്തന്നെയാണ്. അവ ഉയർത്തുന്നതിനുള്ള നടപടികൾ അതുകൊണ്ടുതന്നെ തദ്ദേശസ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഓരോ മേഖലയിലെയും പ്രശ്നപരിഹാര ഇടപെടലുകളാണ് ബാലസുരക്ഷ ക്ഷേമസമിതികളിൽ നിന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും നമ്മുടെ രാഷ്ട്രവും സമൂഹവും പ്രതീക്ഷിക്കുന്നത്.